# വന്നു, എന്നെ അനുഗമിക്ക

അതെ, അല്ല, അത് ബെക്കി ജനിക്കുന്നതിനു മുമ്പായിരുന്നു. അങ്ങനെ ഞാൻ—ഞാൻ ചിന്തിച്ചു, "അതെ, നിങ്ങൾക്കറിയാം..." ഒരു ഡിമ്മിന്റെ വിലയുള്ള, ഒരു കോപ്പ ഓട്സ് പൊടിയാണ് ഞാൻ—ഞാൻ കഴിക്കുന്നത്. അതെ, ഞാൻ...അവർ എനിക്ക് എന്റെ ടിക്കറ്റ് തന്നിട്ടുണ്ട്, നിങ്ങൾ നോക്കൂ, അതിൽ ഒപ്പിട്ടാൽ മതി, ഞാൻ അതിന് പണം കൊടുത്തപ്പോൾ, അത് തിരികെ തന്നു, അപ്പോൾ ഞാൻ അത് തിരികെ കൊടുത്തു, കാരണം എനിക്ക് ഒരു ചെലവിന്റെ കണക്ക് എഴുത്ത് ഉണ്ടായിരുന്നു.

2 ഒരു ദിവസം ഞങ്ങൾക്ക് ചുറ്റിത്തിരിഞ്ഞ് നടത്തിയിരുന്ന ഒരു—ഒരു യോഗം ഉണ്ടായിരുന്നു. "എന്റെ," അവർ ചോദിച്ചു, "അതു പോലെ ആയി തീർന്നിരിക്കുന്ന ഈ നട്ട് ആരാണ്?" കണ്ടോ? ആ—തലവനായ വ്യക്തി, നിങ്ങൾക്കറിയാം, "പ്രഭാത ഭക്ഷണത്തിന് പത്ത് സെന്റുകളോ?" അതിനാൽ ഇത് മറ്റ് കൂട്ടാളികൾക്ക് നിസ്സാര വിലയായി തോന്നുന്നു, നിങ്ങൾക്കറിയാം. അവരിൽ ചിലർ ഒരു ഡോളർ കൊടുത്തു, നോക്കൂ; അത്താഴത്തിന് രണ്ട് ഡോളറും. അതിനു എന്തു ചിലവായിരുന്നോ അതു മാത്രമേ ഞാൻ തിരികെ എടുത്തിരുന്നുള്ളൂ.

3 അതെ, ഞാൻ പറഞ്ഞു, "ശരി, ഇപ്പോൾ, എനിക്ക് തിരിച്ചെടുക്കേണ്ട ആവശ്യമില്ല. പത്ത് സെന്റുകൾക്ക്, ഞാൻ കഴിച്ചാൽ എന്തു സംഭവിക്കും?"

4 സഹ സുഹൃത്തായിരുന്ന, ശ്രീമാൻ ഫീൽഡ്സ്, അദ്ദേഹം പറഞ്ഞു, "ബില്ലി, എങ്ങനെയും, ഏറ്റവും കുറഞ്ഞത്, ഒരു ഡോളർ തിരികെ എടുക്കൂ." പറഞ്ഞു, "ബാക്കിയുള്ളവരും ചെയ്യുന്നത് അതാണ്." പറഞ്ഞു, "നിനക്ക് അത് ഒരുമിച്ച് കൊണ്ടു പോകണം."

5 "അതെ," ഞാൻ പറഞ്ഞു, "ഞാൻ—ഞാൻ ഒരു കോപ്പ ഓട്സ് മാത്രമാണ് കഴിക്കുന്നത്, അതിനു മാത്രമേ ഞാൻ കാശ് ഈടാക്കുന്നുള്ളൂ."

പറഞ്ഞു, "ഓ, ചെയ്യരുത്, ഒരിക്കലും അത് ചെയ്യരുത്."

6 ശരി, അപ്പോൾ ഞാൻ ചിന്തിച്ചു, "ഞാൻ ഇതുമായി എന്തു ചെയ്യും?" പിന്നെ ഞാൻ പ്രഭാത ഭക്ഷണത്തിന് അമ്പത് സെന്റുകൾ ഈടാക്കി. പിന്നെ ഞാൻ അതിന്റെ നാല്പത് സെന്റുകൾ എടുത്ത്, ഞാൻ എന്തെങ്കിലും ചെലവഴിക്കാൻ ആഗ്രഹിച്ചാൽ, അതു തെരുവിലെ ചില

കുട്ടികൾക്ക് കൊടുക്കുന്നു; ചില കുട്ടികൾ, നിങ്ങൾക്കറിയാം, അവർക്ക് കുറച്ച് പണ്ടത്തെ പോലുള്ള സാൻഡ്‌വിച്ചും, കൂടെ, ആവശ്യമാണെന്ന് തോന്നുന്നു. ശരി, ഞാൻ വിചാരിച്ചു ഒരു പക്ഷേ ഞാൻ...ശരിയാണ്, അത് കമ്പനി, തന്നെയാണ്, എന്നോട് അങ്ങനെ എടുക്കാൻ പറയുന്നത്. കമ്പനിയിൽ നിന്ന് പുറത്തായ ഒരാളായിരുന്നു അത്.

അതിനാൽ, ഞാൻ വിചാരിച്ചു, "ഒരുപക്ഷേ ഞാൻ എന്തെങ്കിലും തെറ്റായി ചെയ്തിരിക്കാം."

7 അങ്ങനെ ഇവിടെ കുറച്ചുനാൾ മുമ്പ്, ഒരു റോഡു ചുറ്റുന്ന ആളുമായി...ഇപ്പോൾ അവർ ഹെലികോപ്റ്ററിൽ റോഡു ചുറ്റുന്നു, നിങ്ങൾ നോക്കൂ. അങ്ങനെ അവൻ അടുത്തു വന്നിട്ട് അവൻ നിറുത്തി. അവൻ പറഞ്ഞു, "പറയൂ, ബ്രദർ ബ്രൺഹാം," പറഞ്ഞു, "ഈ വൃക്ഷം വളരുകയാണ്."

ഞാൻ പറഞ്ഞു, "അതെ." ഞാൻ പറഞ്ഞു, "കുട്ടികൾ അവിടെ അതിന്റെ അടിയിലാണ് കളിക്കുന്നത്."

അവൻ ചോദിച്ചു, "നമുക്ക് അതിന്റെ ശാഖ മുറിക്കാമോ?"

ഞാൻ പറഞ്ഞു, "അതെ, പക്ഷേ അതിനെ മുറിക്കാൻ പാടില്ല. കണ്ടോ?"

അവൻ പറഞ്ഞു, "അതെ, ഞങ്ങൾ അത് മുറിക്കാൻ ആഗ്രഹിക്കുന്നു. ഞങ്ങൾ അതിനായി നിങ്ങൾക്ക് പണം തരും."

8 ഞാൻ പറഞ്ഞു, "വേണ്ട. വേണ്ട. നിങ്ങൾ അത് മുറിക്കാൻ ആഗ്രഹിക്കുന്നില്ല." അതെ, ശരിയായ നിയമ-വശങ്ങൾ, എനിക്കും അറിയാം, എന്നു നിങ്ങൾക്കറിയാം, കാരണം ഞാൻ അതിൽ ഏഴു വർഷം ഉണ്ടായിരുന്നു. ഞാൻ പറഞ്ഞു, "പാടില്ല." ഞാൻ പറഞ്ഞു, "ഇത് മുറിക്കാൻ ആഗ്രഹിക്കുന്നില്ല, എന്നാൽ നിങ്ങൾക്ക് അതിന്റെ ശാഖ മുറിക്കാം." ഞാൻ പറഞ്ഞു, "ഞാൻ—ഞാൻ അതിന്റെ ശാഖ മുറിച്ചു കൊണ്ടിരിക്കുന്നു, പക്ഷേ," ഞാൻ പറഞ്ഞു, "നിങ്ങൾക്കും ചെയ്യാം. നിങ്ങൾക്ക് വേണമെങ്കിൽ അതിന്റെ ശാഖ മുറിക്കാം." ഞാൻ പറഞ്ഞു, "ഞാനും, വുഡ് സഹോദരനും ഞാനും, ചേർന്നു അതിന്റെ ശാഖ വെട്ടി മാറ്റാൻ പോകുന്നു. ഇവിടെയുള്ള എല്ലാത്തിന്റെയും ശാഖ ഞങ്ങൾ വെട്ടി മാറ്റാൻ പോകുന്നു." പിന്നെ ഞാൻ പറഞ്ഞു, "എന്നാൽ കുട്ടികൾക്ക് വേണ്ടി അത് അവിടെ നിർത്തിയിരിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു, ഈ വൃക്ഷത്തിൻ കീഴിൽ കളിക്കുന്ന ചെറിയ കുട്ടികളായ, ജോയേയും മറ്റും, നിങ്ങൾക്കറിയാം."

9 ഞാൻ ഒരു യാത്ര പോയി. ഞാൻ തിരിച്ചെത്തുമ്പോൾ, അവളെ വെട്ടിമാറ്റി പുറത്തേക്ക് കൊണ്ടു പോയിരുന്നു. നിങ്ങൾ നോക്കൂ, ഓ,

ആ മരം മുറിച്ചതിന്, കമ്പനിയ്ക്ക് എതിരായി എന്തൊരു വലിയ ഹർജി ഉണ്ടായിരിക്കുമെന്ന്, നിങ്ങൾ കാണുന്നോ. അതിനാൽ ഞാൻ വിചാരിച്ചു, "ഇപ്പോൾ," ഞാൻ പറഞ്ഞു, "കർത്താവേ, ഞാൻ അത് പരാമർശിക്കാൻ പോലും പോകുന്നില്ല." കണ്ടോ? "അതിൽ എന്തെങ്കിലും ഉണ്ടായിരുന്നെങ്കിൽ അതു ഞാൻ—ഞാൻ അതു, അതിന്മേൽ, ചില നേരങ്ങളിൽ തിരികെ എടുക്കുന്നു, ഒരു ചില്ലി കാശിന്റെ വിലയുള്ളതു മാത്രം കഴിച്ചിട്ട്, തിരികെ തരുന്നതോ, 'അമ്പത് സെന്റുകൾ.'" കണ്ടോ? ഞാൻ പറഞ്ഞു, "അതിൽ എന്തെങ്കിലും ഉണ്ടെങ്കിൽ, അത് തന്നെ ഉണ്ടാക്കട്ടെ, നോക്കൂ, അത്—അത്—അതു ഞാൻ അതിൽ ഇട്ടു, നിങ്ങൾ നോക്കൂ. അത് ഞാൻ..." പിന്നെ ഞാൻ പബ്ലിക് സർവ്വീസ് കമ്പനിയിൽ തുടരുന്നതിനെക്കുറിച്ച് സ്വപ്നം കണ്ടിരുന്നതു ഉപേക്ഷിച്ചു, നോക്കൂ, കാരണം അവിടെ അതിന്റെ പിന്നിൽ എന്തെങ്കിലും ഉണ്ടായിരിക്കണം.

നമ്മൾ എന്തു ചെയ്യുന്നു എന്നത് ശ്രദ്ധിക്കണം. ഏതെങ്കിലും ഒരു ദിവസം നമുക്ക് അതിനെ സന്ധിക്കേണ്ടി വരും.

10 കുട്ടികളെ, ഇവിടേക്ക് വരൂ. ട്രൂഡി, കഴിഞ്ഞ ദിവസം, നിന്റെ അമ്മ ആയിരുന്നിട്ട്. നിനക്ക് അറിയില്ലെന്നു, നിനക്ക് അറിയില്ലെന്നു ഞാൻ ഊഹിക്കുന്നു. ഇത് ഒരു ആശ്ചര്യമായ ഒരെണ്ണം പോലെ, എനിക്ക് കാണാൻ കഴിയുന്നു. നീ ബിരുദം നേടാൻ ശ്രമിക്കുകയാണ്. ഞങ്ങൾ ഇവിടെ നിന്നും ഒരുമിച്ചാണ് ഈ യാത്ര നടത്തിയിരുന്നത്. ഈ യോഗം കഴിഞ്ഞയുടൻ തന്നെ ഞാൻ മറ്റൊരു യോഗത്തിനു പോകും. ഞങ്ങൾ വീട്ടിലേക്ക് പോകാൻ പോകുന്നു.

11 നിങ്ങളോട് എല്ലാവരോടും സംസാരിക്കാനുള്ള നല്ലൊരു അവസരമാണ് ഇതെന്ന് ഞാൻ കരുതി, അതു മാത്രമല്ല നിങ്ങളുടെ ബിരുദ ദാനത്തിന് തൊട്ടു മുമ്പ് കുട്ടികളായ നിങ്ങളോട് സംസാരിക്കുന്നത് നല്ലതാണെന്നും വിചാരിച്ചു. ബൈബിളിൽ നിന്ന് ഒരു വാക്യം വായിച്ചിട്ട്, ഏകദേശം പത്ത് നിമിഷത്തേക്ക്, എന്റെ ഹൃദയത്തിൽ നിന്ന് നിങ്ങളോട് സംസാരിക്കുന്നതാണ്. ഞാൻ പിന്നെ വളരെ വേഗത്തിൽ അവസാനിപ്പിച്ചിട്ടു പോകും. കണ്ടോ?

12 കുട്ടികളോട് ഞാൻ സംസാരിക്കുന്നതിന് മുമ്പ്, മുതിർന്നവരോട്ടും, കൂടെ, നിങ്ങൾ എല്ലാവരോടും, ഒരു നിമിഷം സംസാരിക്കാനും ഞാൻ ആഗ്രഹിക്കുന്നു. ഇത് ഇപ്പോൾ, ഒരുപക്ഷേ, ഇത് ആയിരുന്നതുപോലെ, ചിലപ്പോൾ സാഹസികമായ ഒരു യാത്രയായിരിക്കാം. എന്നാൽ ഞാൻ ദൈവത്തിൽ നിന്ന് പഠിച്ച അനുഭവം, എനിക്ക് അതു പതിനായിരം ഡോളറിനു പോലും എടുക്കാൻ കഴിയില്ല ഞാൻ ഇവിടെ ആയിരുന്നതു മുതൽ കർത്താവിനെക്കുറിച്ച

പഠിച്ചതാണ്. സർവശക്തന്റെ കല്പനയെ ഞാൻ പൂർണ്ണമായി അനുസരിക്കുന്നു എന്ന് ഞാൻ വാസ്തവമായും വിശ്വസിക്കുന്നു, എനിക്ക്—എനിക്ക് എപ്പോഴും അങ്ങനെ തന്നെ തുടരാൻ കഴിയുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. പിന്നെ അവിടെ ഒരു...

13 ഒരു കാര്യം, ഒരു ദർശനത്താൽ, ഞാൻ വന്ന്, ഞാൻ ഇവിടെ ടൂസണിന് മുകളിൽ നിൽക്കുമ്പോൾ ഒരു—ഒരു—ഒരു സ്ഫോടനം ഉണ്ടായി. അതെ, അത് സംഭവിക്കുമ്പോൾ സഹോദരൻ ഫ്രെഡ് അവിടെ ഉണ്ടായിരുന്നു. ഇപ്പോൾ ആകാശത്തിൽ ഉണ്ടായ, ആ ചിത്രം അവർ എടുത്തു എന്നു, നിങ്ങൾക്കറിയാം. ഞാൻ ഇതിനെക്കുറിച്ച് കൂടുതൽ ചിന്തിച്ചിരുന്നില്ല, ഇത് ഒരിക്കലും ശ്രദ്ധിച്ചിരുന്നുമില്ല. അങ്ങനെ കഴിഞ്ഞ ദിവസം, ഇത് എങ്ങനെയോ എന്നെ ആകർഷിക്കാൻ തുടങ്ങി. ഇവിടെ നോർമയുടെ പിതാവ്, നോർമൻ സഹോദരൻ, എന്നോട് ചോദിച്ചു, പറഞ്ഞു, "താങ്കൾ ഇത് ശ്രദ്ധിച്ചിരുന്നോ?"

14 ഞാൻ നോക്കിയപ്പോൾ, ആ ദൂതന്മാർക്ക് എത്ര വ്യക്തമായി അവിടെ ആയിരിക്കാൻ കഴിഞ്ഞിരുന്നോ അത്രയും സ്പഷ്ടമായി അവർ അവിടെ ആയിരുന്നു, ആ ചിത്രത്തിൽ അവിടെ ആയിരിക്കുന്നു. കണ്ടോ? അത് എപ്പോഴായിരുന്നു എന്ന് കാണാൻ ഞാൻ നോക്കി, ആ സമയം, ശരിക്കും, ഏകദേശം ഒന്നോ രണ്ടോ ദിവസം മുമ്പോ, അതോ ഞാൻ അവിടെ ആയിരുന്നിട്ട് ഒന്നോ രണ്ടോ ദിവസം കഴിഞ്ഞിട്ടോ ആയിരുന്നു. അത് എവിടെ ആയിരുന്നു എന്നു ഞാൻ നോക്കി. "ഫ്ലാഗ്സ്റ്റാഫിന്റെ വടക്കു കിഴക്ക്, അഥവാ പ്രെസ്കോട്ടിൽ, അത് ഫ്ലാഗ്സ്റ്റാഫിന് താഴെയാണ്." അതെ, അവിടെ ആയിരുന്നു ഞങ്ങൾ, നോക്കൂ, കൃത്യമായിട്ട് ആയിരുന്നു.

15 "ഇരുപത്തി-ആറ് മൈലുകൾ ഉയരം." എന്തുകൊണ്ട്, നീരാവിക്ക് നാലിനു മേലെ—പോകാൻ കഴിയില്ല, നാല് മൈലുകൾക്ക് മേലെ, അഥവാ അഞ്ച്, ഈർപ്പത്തിനോ, ഏതെങ്കിലും തരത്തിലെ മൂടൽമഞ്ഞിനോ അല്ലെങ്കിൽ എന്തിനും, നിങ്ങൾ നോക്കൂ. വിമാനങ്ങൾ പത്തൊമ്പതിനായിരത്തിൽ പറക്കുന്നു. അതാണ് മേഘങ്ങൾക്കും മറ്റും മുകളിൽ പോകുന്നത്, നിങ്ങൾ നോക്കൂ. പത്തൊമ്പതിനായിരം ഏകദേശം നാല് മൈലുകൾ ഉയരമാണ്. ഇത് ഇരുപത്തി-ആറ് മൈൽ ഉയരവും, ഇതു മുപ്പത് മൈൽ വീതിയിലും ആയിരുന്നു, നിങ്ങൾ ആ ചിത്രത്തെ നോക്കിയാൽ, പിരമിഡിന്റെ ആകൃതിയിലും ആയിരുന്നു.

16 വലതു-വശത്ത്, ഞാൻ നിങ്ങളോട് പറഞ്ഞതുപോലെ, ആ ദൂതനെ, ആ ശ്രദ്ധേയനായ ദൂതനേയും ഞാൻ കണ്ടിരുന്നു. അവിടെ അവൻ ആയിരുന്ന്, നെഞ്ച് പുറത്തേക്ക് ഉന്തി, ചിറകുകൾ

പുറകിലേക്ക്, അകത്തേക്ക് വരുന്നു, അതെ കൃത്യമായും ആ രീതിയിൽ തന്നെ. അവർ ആദ്യം വരുമ്പോൾ ഞാൻ അത് ശ്രദ്ധിച്ചിരുന്നില്ല... അവിടെ അനേക കാര്യങ്ങൾ ഉണ്ടായിരുന്നു.

17 കഴിഞ്ഞ ദിവസം റോഡിലേക്ക് ഇറങ്ങുമ്പോൾ ആയിരുന്നു, അവിടെ എന്തോ സംഭവിച്ചിട്ട് ഞാൻ—ഞാൻ ചെയ്യേണം എന്നുള്ള കാര്യത്തെക്കുറിച്ച് എന്തോ എന്നോട് പറഞ്ഞു. പിന്നെ ഇത്—ഇത് എന്റെ സന്ദേശമല്ല.

18 ഒരിക്കൽ, ലിയോ മെർസിയർ ചോദിച്ചു, പറഞ്ഞു, "ബ്രദർ ബ്രൺഹാം, ഇതിനു ശേഷം ആ സമയം വന്നേക്കാം," പറഞ്ഞു, ഏകദേശം അഞ്ചോ അതല്ല ആറോ വർഷങ്ങൾക്ക് മുമ്പ്, ഒരുപക്ഷേ ഏഴ് ആയിരിക്കാം, പറഞ്ഞു, "കർത്താവ് നിങ്ങളുടെ ശുശ്രൂഷയെ മാറ്റാൻ പോകുന്നത് ആയിരിക്കാം, ബ്രദർ ബ്രൺഹാം." അവൻ പറഞ്ഞു "അവൻ അങ്ങനെ ചെയ്യുമ്പോൾ, നിങ്ങൾ ഒരുപക്ഷേ ആശുപത്രികളെ അണിനിരത്തിക്കൊണ്ട്, ആ—കിടക്കകളോട്ടും മറ്റും സംസാരിക്കുമായിരിക്കും." ലിയോ സഹോദരൻ ഇതിനെക്കുറിച്ച് ആത്മാർത്ഥത പുലർത്താൻ ശ്രമിച്ചിരുന്നു എന്നു ഞാൻ വിശ്വസിച്ചെങ്കിലും, അത് കേഴ്വിക്ക് ശരിയായി തോന്നിയില്ല.

19 പക്ഷെ അത് ശരിയായി തോന്നിയില്ല, കാരണം, നോക്കൂ, നമ്മുടെ കർത്താവായ യേശു ഒരിക്കലും അങ്ങനെ ചെയ്തിട്ടില്ല. കണ്ടോ? അവൻ ആശുപത്രികളിൽ പോയിരുന്നു. അവിടെ ആ ആശുപത്രിയിൽ ഒരുവൻ ഉണ്ടായിരുന്നു. ബൈബിളിൽ അത് എവിടെയാണെന്ന് നിങ്ങൾ ഓർക്കുന്നുണ്ടോ? ബെഥെസ്ദയിലെ കുളം. ബലഹീനരും, മുടന്തുള്ളവരും, വികലാംഗരും, അന്ധരും, ക്ഷീണിതരുമായി, ഒരു വിലയ കൂട്ടം ജനം ദൂതനെ കാത്തു കിടക്കുന്നു. ഇപ്പോൾ, അത് ഒരു ആത്മീയ ആശുപത്രിയായി അവിടെ ജനങ്ങൾ ദൈവിക രോഗശാന്തിക്കായി കാത്തു കിടന്നിരുന്നു. ഇവിടെ ഇതാ ദിവ്യ രോഗശാന്തിക്കാരൻ തന്നെ വന്നു ഒരാളെ സുഖപ്പെട്ടുത്തിയിട്ട് നടന്നു പോകുന്നു. അതുകൊണ്ട് അതിനെക്കാൾ വലിയ ഒന്ന്, അഥവാ ഒരു ശുശ്രൂഷ, ഒരു ജഢിക മനുഷ്യനാൻ ഉണ്ടാകുമെന്നു നിങ്ങൾക്ക് പ്രതീക്ഷിക്കാനാവില്ല. കണ്ടോ? എനിക്ക് ഇതിനോട് യോജിക്കാൻ കഴിഞ്ഞില്ല.

20 ഞാൻ തിരിയാനായി തുടങ്ങിയപ്പോൾ, പരിശുദ്ധാത്മാവ് എന്റെ മേൽ വന്നു. ഞാൻ ലിയോയോട് ഒരു പേന ചോദിച്ചു. ഞാൻ ഒരു കഷണം കടലാസ് എടുത്തിട്ട്, ഞാൻ അത് എഴുതിയെടുത്തു. അത് എവിടെയാണെന്നു അറിയാൻ നിങ്ങൾ ആഗ്രഹിക്കുന്നെങ്കിൽ, ഇത് ഇന്നും അവന്റെ ട്രെയിലറിൽ ഉണ്ട്. ആ പഴയ അലുമിനിയം

ട്രെയിലറിൽ അവിടെയാണ് എന്റെ പുറത്തു ധരിക്കാനുള്ള വേഷം ഉണ്ടായിരുന്നത്. നിങ്ങൾ വാതിലിലേക്ക് പോയി, ട്രെയിലറിന് നേരെ മുന്നിൽ, വലതു-വശത്ത് ഒരു ഷെൽഫ് ഉണ്ട്. ഇത് അവിടെ അതിനു അടിയിൽ കിടക്കുന്നു. ഞാൻ അത് അവിടെ വെച്ചിരുന്നു. പറഞ്ഞു, "ഏതെങ്കിലും ഒരു ദിവസം നിങ്ങൾക്ക് ഇത് പുറത്തെടുക്കാൻ കഴിയും. 'ദൈവം ഒരിക്കലും ശുശ്രൂഷയെ മാറ്റുകയില്ല, പക്ഷേ ശുശ്രൂഷയിലൂടെ അവൻ ആ മനുഷ്യനെ മാറ്റും.'" ചെയ്യേണ്ടതും അതു തന്നെയാണ്.

21 നോക്കൂ, എനിക്ക്—എനിക്ക് എന്തു ചെയ്യേണ്ടതുണ്ടെന്ന് എനിക്കറിയാം, പക്ഷെ എനിക്ക്—എനിക്ക്—എനിക്ക് കഴിയില്ല, ഞാൻ ഇപ്പോൾ ആയിരിക്കുന്ന അവസ്ഥയിൽ എനിക്ക് അത് ചെയ്യാൻ കഴിയില്ല. കാരണം, എനിക്ക് ലഭിച്ചിട്ട്...എന്റെ ഉള്ളിൽ എന്തോ സംഭവിക്കേണ്ടതുണ്ട്, അത് ചെയ്യാൻ ദൈവത്തെ എടുക്കുന്നു.

22 ഞങ്ങൾ വീട്ടിലേക്ക് മടങ്ങാൻ ലക്ഷ്യമിടുന്നു. കുട്ടികൾ വീട്ടിലായിരുന്ന് വിഷമിക്കുന്നു, അവർ എല്ലാവരും തിരികെ പോകാൻ ആഗ്രഹിക്കുന്നു. അതിനാൽ അവരെ തിരികെ കൊണ്ടുപോകാൻ ഞാൻ പ്രതീക്ഷയോടെ ആഗ്രഹിക്കുന്നു, കർത്താവിന്റെ ഇഷ്ടമെങ്കിൽ, ശനിയാഴ്ചയിലെ ശുശ്രൂഷയ്ക്കു ശേഷം, അങ്ങനെ തിരികെ പോയേക്കാം. അവിടെ നിന്ന്, എനിക്കറിയില്ല. പക്ഷേ എന്റെ ഉള്ളിൽ എന്തെങ്കിലും സംഭവിച്ചാലുടൻ, ജനങ്ങളോട് എനിക്കു അനുഭവപ്പെടുന്നത് ആയിരുന്നാൽ, ഞാൻ ഇപ്പോൾ ചെയ്യുന്നതിൽ നിന്ന് വ്യത്യസ്തമായി ചെയ്തേക്കാം. ഞാൻ നിരസിച്ചിരുന്നു—ജനങ്ങളെ, നോക്കൂ, ഞാൻ—ഞാൻ അവരുമായി കൂട്ടുതലായിട്ട് ഒന്നും ചെയ്യാൻ ആഗ്രഹിച്ചിരുന്നില്ല. ഞാൻ എന്താണ് ഉദ്ദേശിക്കുന്നതെന്ന് നിങ്ങൾ അറിയുന്നു, ഞാൻ അതിനെ ഇങ്ങനെ വിളിക്കുന്നു "റിക്കി, റിക്കറ്റാ," അവർ ചെയ്ത കാര്യങ്ങൾ തന്നെ അവർക്ക് ഉണ്ടായിരുന്നു. ഞാൻ സകല ആത്മാർത്ഥതയോടും കൂടെ പ്രസംഗിച്ചിട്ട്, ദൈവം അത് എല്ലാ വിധത്തിലും സ്ഥിരീകരിച്ചു. "അവർ ഇത് വിശ്വസിക്കാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ, എന്താ, അവരെ വെറുതെ വിടുക."

23 ഈ മഞ്ഞു വീഴ്ചയിൽ ബഡ്ഡുമായി ചേരാൻ, ഞാൻ അവിടേക്ക് പോകാൻ പോകുകയായിരുന്നു, അവിടേക്ക് പോകാൻ വസ്ത്രം ധരിക്കാൻ തുടങ്ങിയിരുന്നു. മരുഭൂമിയിൽ കാത്തിരിക്കാം, എന്റെ മുടിയും താടിയും ഒക്കെ വളരട്ടെ. ഞാൻ എവിടെയെങ്കിലും പോകണമെന്ന് കർത്താവ് ആഗ്രഹിക്കുന്നെങ്കിൽ, അവൻ എനിക്ക് ഒരു വാക്ക് അയച്ചു തന്നാൽ, ഞാൻ അവിടേക്ക് ഇറങ്ങി ചെന്ന് അത് ചെയ്യും.

24 കഴിഞ്ഞ ദിവസം വരുന്ന വഴിയിൽ, റോഡിൽ വച്ച്, അവൻ എന്നെ നിർത്തിച്ചു. ഞാൻ അവിടെ കണ്ടത്...ഞാൻ വരുന്നത്

എന്തിനു വേണ്ടിയാണ് വന്നുകൊണ്ടിരുന്നത്. ഞാൻ—ഞാൻ ഇപ്പോൾ മറ്റെന്തോ ചെയ്യാനായി എന്റെ വഴിയിലായിരുന്നു. ഞാൻ വിചാരിച്ചു, ഞാൻ വീട്ടിലെത്തുമ്പോൾ, നമ്മൾ ഹൃദയംഗമമായ ഒരു സംസാരം എന്നു പറയുന്നതു ചെയ്തിട്ട്, ഒരുപക്ഷേ അത് ടേപ്പിലാക്കും, അങ്ങനെ പെട്ടെന്നുള്ള മാറ്റം എന്തുകൊണ്ടാണ് എന്ന് പൊതു ജനങ്ങൾക്ക് കാണാനാകും.

25 ഇപ്പോൾ, കുട്ടികളായ നിങ്ങൾ, നമുക്ക് പോകാം...നമുക്ക് ഒരു ചെറിയ പ്രാർത്ഥനയിലേക്ക് കടക്കാം.

26 കർത്താവായ യേശുവേ, ഞങ്ങൾ ഇവിടെ ഒത്തുകൂടിയിരിക്കുന്നു എന്നു അറിയാനായ, ഈ സമയത്തിനായി ഞങ്ങൾ നന്ദിയുള്ളവരാണ്, ചെറുപ്പക്കാരും പ്രായമുള്ളവരും, മദ്ധ്യ-വയസ്കരും. ഒരിക്കൽ കൂടി നിന്നെക്കുറിച്ച് സംസാരിക്കാൻ, നിത്യതയുടെ ഈ വശത്ത്, ഞങ്ങൾ കൂടിവന്നിരിക്കുന്നു നിത്യ ജീവനുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ചും മറ്റും ആകുന്നു.

27 ഈ രാത്രിയിൽ ഇവിടെ ഇരിക്കുന്ന ചെറുപ്പക്കരിൽ, അവരിൽ ചിലർ ബിരുദം നേടാൻ പോകുന്നു, ചിലർ ഇതിനകം ബിരുദം നേടി കഴിഞ്ഞിരിക്കുന്നു. പക്ഷേ കർത്താവേ, ആ വലിയ കുലുക്കത്തിനു, അല്ലെങ്കിൽ വലിയ സ്ഫോടനത്തിന് ഏതാനും മണിക്കൂറുകൾക്ക് മുമ്പ് സംഭവിച്ച ഒരു കാര്യം ഞാൻ മനസ്സിലാക്കുന്നു, ടൂസന്റെ വടക്ക്, അവിടെ മുകളിലുള്ള പർവ്വതത്തിൽ, കർത്താവിന്റെ ദൂതന്മാർ ഇറങ്ങി വന്നപ്പോൾ സംഭവിച്ചതായിരുന്നു. എന്താണ് പറയപ്പെട്ടു എന്നു ഞാൻ ഓർക്കുന്നു, പിന്നെ—പിന്നെ പ്രത്യേകിച്ചും ചെറുപ്പക്കാരെക്കുറിച്ച്. കർത്താവേ, മനസ്സിലാക്കാൻ ഞങ്ങളെ സഹായിക്കേണം, എന്നു ഞാൻ അങ്ങയോട് പ്രാർത്ഥിക്കുന്നു. ഇന്ന് രാത്രി, ഈ ചെറുപ്പക്കാരോട് ഞാൻ എന്തെങ്കിലും പറയാൻ ഇടയായാൽ, അത് അവരെ യാത്രയിൽ ഉടനീളം സഹായിക്കും. കാരണം, കർത്താവേ, ഞങ്ങൾക്ക് എല്ലാവർക്കും ഇപ്പോൾ ഈ സഹായം ആവശ്യമാണ്.

28 ഞങ്ങളെ ഒരുമിച്ച് അനുഗ്രഹിക്കേണമേ. ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കേണമേ. ഞങ്ങൾ ഇവിടെ നിന്ന് പുറപ്പെട്ടു പോയതിനു ശേഷം ഞങ്ങൾ ചെയ്തുപോയ എന്തെങ്കിലും, നിനക്ക് അനിഷ്ടമായിട്ടുണ്ടെങ്കിൽ, നീ ഞങ്ങളോട് ക്ഷമിക്കണമെന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. കാരണം, ഇന്ന്, നാളയെപ്പറ്റി ഒരു ഉറപ്പും ഇല്ല—ഇല്ലെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. നാളെ എന്തു കൊണ്ടുവരും എന്നു ഞങ്ങൾക്കറിയില്ല. നാളയെ സന്ധിക്കാൻ ഞങ്ങൾ ഇന്ന് തയ്യാറായിരിക്കണം. കൂടാതെ, പിതാവായ ദൈവമേ, ഇത് ചെയ്യാൻ ഞങ്ങൾ അറിയുന്ന ഒരേയൊരു

മാർഗ്ഗമേയുള്ളൂ, അത്, നിന്നെ കാണാൻ തയ്യാറാകുക എന്നതാണ്, താമസിയാതെ തന്നെ ഞങ്ങൾ എല്ലാവരും ഇത് ചെയ്യാൻ പോകുന്നു എന്ന് ഞങ്ങൾ മനസിലാക്കുന്നു. ഏതെങ്കിലും ഒരു സമയം ഞങ്ങൾ അതു കണ്ടുമുട്ടേണ്ടതുണ്ട്, സമാധാന പരമായോ, ഒരു സുഹൃത്തോ അതോ കുട്ടിയായോ അല്ലെങ്കിൽ ശത്രുവായോ. കർത്താവേ, ഞങ്ങൾ നിന്റെ പ്രിയ മക്കളല്ലാതെ മറ്റെന്തെങ്കിലും ആകുന്നതിൽ നിന്നും, ദൂരമായിരിക്കട്ടെ. ഞങ്ങൾ ചോദിക്കുന്ന ഈ കാര്യങ്ങൾ, യേശുവിന്റെ നാമത്തിൽ നൽകിയാലും. ആമേൻ.

29 ഇന്ന്, ഞാൻ കളകൾ വെട്ടി മാറ്റുമ്പോൾ, ഇന്ന് അതിരാവിലെ ആയിരുന്നു, ഞാൻ ബൈബിളിൽ ഒരു സ്ഥലം കണ്ടെത്തി, ഈ സമയത്ത് വായിക്കുന്നത് നല്ല കാര്യമായിരിക്കും എന്നു ഞാൻ കരുതി. അത് ഒരു...ചിലപ്പോൾ അതു വളരെ ഉചിതമായിരിക്കില്ല, പക്ഷേ ഞാൻ വിചാരിച്ചു...ഒരു—ഒരു ചില നിമിഷങ്ങൾ, സംസാരിക്കാൻ. വിശുദ്ധ ലൂക്കൊസിന്റെ 18-ാം അദ്ധ്യായത്തിൽ നിന്ന് ഇത് വായിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. നാല് സുവിശേഷ ലേഖകരും ഇതിനെക്കുറിച്ച് എഴുതിയിരിക്കുന്നു. 18-ാം അദ്ധ്യായത്തിന്റെ 18-ാം വാക്യം.

> *ഒരു പ്രമാണി അവനോടു, ചോദിച്ചു, നല്ല ഗുരോ, നിത്യജീവനെ അവകാശമാക്കേണ്ടതിനു ഞാൻ എന്തു ചെയ്യേണം?*
>
> *അതിനു യേശു അവനോട് ചോദിച്ചു, എന്നെ നല്ലവൻ എന്നു വിളിക്കുന്നതു എന്തു? ദൈവം, ഒരുവൻ അല്ലാതെ, നല്ലവൻ ആരും ഇല്ല.*
>
> *വ്യഭിചാരം ചെയ്യരുതു, എന്ന കല്പനകളെ നീ അറിയുന്നു, കൊല്ലരുത്, മോഷ്ടിക്കരുത്, കള്ള സാക്ഷ്യം പറയരുത്, നിന്റെ പിതാവിനെ ബഹുമാനിക്ക...അമ്മ.*
>
> *പിന്നെ...പറഞ്ഞു, ഞാൻ ഇവയെല്ലാം, എന്റെ ചെറുപ്പം മുതൽ കാത്തുകൊണ്ടിരിക്കുന്നു എന്നു പറഞ്ഞു.*
>
> *യേശു ഇതു കേട്ടപ്പോൾ, അവൻ അവനോടു പറഞ്ഞു, ഇനി ഒരു കുറവു നിനക്കുണ്ട്: നിക്കുള്ളതൊക്കെയും...വിറ്റ് നീ ദരിദ്രന്മാർക്കു പകുത്തു കൊടുക്ക,...എന്നാൽ സ്വർഗ്ഗത്തിൽ നിനക്കു* നിക്ഷേപം *ഉണ്ടാകും:...വന്നു, എന്നെ അനുഗമിക്ക.*

30 ഞാൻ ചിന്തിക്കുന്ന, ആ വാക്ക്, *വന്നു, എന്നെ അനുഗമിക്ക,* പതിനായിരം കുട്ടികളോട് സംസാരിക്കുകയാണെങ്കിലും എനിക്ക് നൽകാൻ കഴിയുന്ന ഏറ്റവും നല്ല ഉപദേശം അതായിരിക്കും, അതല്ല ഞാൻ എന്നോട് മാത്രം സംസാരിച്ചാലും ആകുന്നു. ഇത് ഒരു

കല്പനയാണ്, ഇത് ആർക്കും വാഗ്ദാനം ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ കാര്യമായി, പ്രത്യേകിച്ച് ഒരു ചെറുപ്പക്കാരനായ വ്യക്തിയോട്, "എന്നെ അനുഗമിക്ക."

31 നിങ്ങൾ ആരെയെങ്കിലും അനുഗമിക്കാൻ പോകുന്നു. ഇപ്പോൾ, നിങ്ങൾ ഇപ്പോൾ...നിങ്ങൾക്ക് അത് ഓർമ്മിക്കാൻ കഴിയും. നിങ്ങൾ ആരെയെങ്കിലും അനുഗമിക്കാൻ പോകുന്നു. നിങ്ങൾ ആ വ്യക്തിയെ അനുഗമിക്കുന്ന രീതിയാൽ, അനുഗമിക്കുന്ന ഈ ഈ വ്യക്തി ആരാണ്, അതിനെപ്പറ്റി ഉറപ്പായിരിക്കണം. കണ്ടോ? നമ്മൾ...

32 ഒരിക്കൽ പൌലൊസ് പറഞ്ഞു, "ഞാൻ ക്രിസ്തുവിനെ അനുകരിക്കുന്നതു പോലെ നിങ്ങൾ എന്നെ അനുകരിപ്പിൻ." മറ്റു വാക്കുകളിൽ, "ഞാൻ ക്രിസ്തുവിനെ അനുഗമിക്കുന്നതു പോലെ, നിങ്ങളും എന്നെ അനുഗമിക്കണം."

33 ഇപ്പോൾ, ഈ വഴിത്തിരിവിൽ, ജീവിതത്തിന്റെ ഈ—ഈ ഘട്ടത്തിൽ നാമെല്ലാവരും വരുന്നു. പലതവണ ഞാൻ അലറി വിളിക്കുന്നത് നിങ്ങൾ കേട്ടിട്ടുണ്ട് "റിക്കി, റിക്കറ്റാ," എന്നിങ്ങനെയുള്ള കാര്യങ്ങൾ. ഇത്, ഇത് ആ കാലമാണ്. നമ്മൾ ജീവിക്കുന്ന കാലം ഇതാണ്. ഇത് യഥാർത്ഥത്തിൽ ആ ജനങ്ങളല്ല.

34 ആ ആളുകൾ നമ്മെപ്പോലെയുള്ള ആളുകളാണ്. ഈ കുട്ടികൾ ഈ ചൂടുള്ള വടികളുമായി, ഇവിടെയുള്ള തെരുവിൽ താഴേക്കും-മുകളിലേക്കും ഓടുന്നു, സിഗരറ്റ് വലിക്കുക മദ്യം കഴിക്കുക, അങ്ങനെയും മറ്റുമായി അവർ തുടർന്നുകൊണ്ടിരിക്കുന്നു, പെൺകുട്ടികൾ ദുർവൃത്തിയായി വസ്ത്രം ധരിച്ചും, അങ്ങനെയും മറ്റുമായി, അവർ നമ്മെപ്പോലെ പെൺകുട്ടികളും ആൺകുട്ടികളും ആകുന്നു. കണ്ടോ? അവർ മനുഷ്യരാണ്. അവർ സ്നേഹിക്കുന്നു. അവർ കഴിക്കുന്നു. അവർ കുടിക്കുന്നു. അവർ ഉറങ്ങുന്നു. അവർ ശ്വസിക്കുന്നു. അവർക്ക് മരിക്കേണ്ടതുണ്ട്. അവർ നമ്മെ പോലെയുള്ള ആളുകളാണ്. എന്നിട്ടും അവർ അങ്ങനെ ആയിരുന്ന്...

35 അവർക്ക് ഒരു ദുരാത്മാവ് ബാധിച്ചിരിക്കുന്നു. അവർക്ക് ഇത് അറിയില്ല. എന്തുകൊണ്ടെന്നാൽ, ജനങ്ങൾ അല്ല—ജനങ്ങൾ അല്ല, ചില നേരങ്ങളിൽ, അവർ അനുഗമിച്ചുകൊണ്ടിരുന്ന ചില നായകന്മാർ അവരെ തെറ്റായ വഴിയിലേക്ക് നയിച്ചിരുന്നു.

36 ഇപ്പോൾ, പെൺകുട്ടികളും ആൺകുട്ടികളുമായ നിങ്ങൾക്ക് അതിനേക്കാൾ നന്നായി അറിയാം. നിങ്ങൾക്കറിയാം. അതിനേക്കാൾ നന്നായി നിങ്ങളെ പഠിപ്പിച്ചിരിക്കുന്നു. അത്തരത്തിലുള്ള ഒരു കാര്യം

ചെയ്യുന്നതിനേക്കാൾ, മികച്ച പരിശീലനം ലഭിച്ച മാതാപിതാക്കൾ നിങ്ങൾക്കുണ്ട്. നിങ്ങൾക്ക് നന്നായി അറിയാം.

37 പക്ഷേ അവർക്ക് അതില്ല, നോക്കൂ, എന്തുകൊണ്ടെന്നാൽ അവർ പോകുന്ന പള്ളികൾ ആധുനിക പള്ളികളാണ്, നൂതനമായത്. കൂടുതൽ ജനപ്രിയരാകാൻ, അവർ—അവർ ആ ദിവസത്തിൽ ജീവിക്കുന്നു. കൂടാതെ, ഓ, എന്റെ! എന്താണ്...ആചാരമുറകൾ അവർക്ക് സദാചാരമായി തീർന്നിരിക്കുന്നു. കണ്ടോ? അങ്ങനെ അവർ, എന്താ...ഞാൻ ഒരിക്കൽ പറഞ്ഞതുപോലെ, വളരെക്കാലം മുമ്പല്ലാതെ, ഞാൻ ഇവിടെ താഴെ വെച്ച് കണ്ട, സൊദോമിന്റെയും ഗൊമോറയുടെയും ഒരു നാടകത്തിൽ എന്ന പോലെ, അത് ഈ പിശാച്-ബാധിച്ച സ്ത്രീ ലോത്തിനോട്—പറഞ്ഞു, "നിങ്ങൾ അധാർമികമെന്ന് വിളിക്കുന്നതിനെ, ഞാൻ സദാചാരം എന്ന് വിളിക്കുന്നു."

38 യേശു പറഞ്ഞു, "നോഹയുടെ നാൾക്കളിൽ എന്നതു പോലെ തന്നെ, മനുഷ്യപുത്രന്റെ വരവിങ്കലും അങ്ങനെ തന്നെയാകും." അങ്ങനെ നാം വീണ്ടും ആ സ്ഥലത്തേക്ക് മടങ്ങി വന്നിരിക്കുന്നു.

39 നമ്മൾ വായിച്ച, ഈ വ്യക്തിയെക്കുറിച്ച്, നമുക്ക് ഒരു ചില നിമിഷം നോക്കാം. കുട്ടികളായ നിങ്ങളെപ്പോലെ, ഒരു നല്ല വീട്ടിലാണ് ഈ കുട്ടിയും ജനിച്ചത് എന്നതിൽ സംശയമില്ല. നല്ല മാതാപിതാക്കന്മാരാൽ അവൻ വളർത്തപ്പെട്ടു. കാരണം, യേശു ദൈവ കല്പനകളെ അവന്റെ മുന്നിൽ അവതരിപ്പിച്ചപ്പോൾ, ഇത് അത് തെളിയിച്ചു. അവൻ പറഞ്ഞു, "ചെറുപ്പം മുതൽ ഞാൻ ഇവയെ കാത്തുകൊണ്ടിരിക്കുന്നു." അത് അവന്—ഉണ്ടെന്ന് അത് കാണിച്ചിട്ട് അവൻ—അവൻ ശരിയായി വളർത്തപ്പെട്ടു കൊണ്ടു വന്നിരുന്നു. അവൻ വെറും ഒരു എന്തോ ചിലതു മാത്രമായിരുന്നില്ല. കുട്ടികളായ നിങ്ങളെ എല്ലാവരെയും പോലെ, ശരി എന്താണെന്ന് അറിയാൻ കഴിയുന്ന വിധത്തിൽ അവൻ—അവൻ വളർത്തപ്പെട്ടു എന്നു, നിങ്ങൾ അറിയുന്നു. ഒരുപക്ഷേ ഒരു ദൈവ-ഭയമുള്ള അമ്മയുടെയും ഡാഡിയുടെയും കീഴിൽ വന്ന്—വന്ന്—വന്നിട്ട്, അവൻ ഒരു കുട്ടിയായിരുന്നപ്പോൾ തന്നെ, അവനെ ശരിയായി പഠിപ്പിച്ചിരുന്നു. ശരി, അത് നല്ലതാണ്.

40 ഒരുപക്ഷേ, ഒരു കൊച്ചു കുട്ടിയായി, ഒരു ദിവസം ഒരു വലിയ മനുഷ്യനാകണമെന്ന ആഗ്രഹം അവന്റെ അമ്മയ്ക്ക് ഉണ്ടായിരുന്നിരിക്കും. അവന്റെ പിതാവിന് നല്ല പണമുണ്ടായിരുന്നു, അതിനാൽ അവനെ പഠിപ്പിക്കാനും—അവന് കഴിയുന്ന ഒരു വിദ്യാഭ്യാസം നൽകാനും...അവനു ഒരു നല്ല വിദ്യാഭ്യാസവുമായി

പുറത്തുവന്ന് ലോകത്തിൽ എന്തെങ്കിലും ചെയ്യാനാകും. ഈ അമ്മയുടെയും ഡാഡിന്റെയും ആത്മാർത്ഥതയോടെ, ഈ കുട്ടിയെ പഠിപ്പിക്കുക, ഒരുപക്ഷേ നിങ്ങളെപ്പോലെ അവന്റെ ബിരുദ സമയത്തിലേക്ക് വന്നിരുന്നു എന്നു വരാം, നോക്കു, അവൻ സ്കൂളിലൂടെ കടന്നുപോയി അവന്റെ വിദ്യാഭ്യാസം നേടിയിരുന്ന സമയം. ഒരുപക്ഷേ അവൻ ആ അമ്മയുടെയും ഡാഡിയുടെയും ജീവിതത്തിന്റെ അഭിമാനവും—സന്തോഷവുമായിരുന്നു എന്നതിൽ സംശയമില്ല. നിങ്ങൾക്ക് മോട്ടോർ വാഹനം ഉള്ളതു പോലെ, ആ ദിവസങ്ങളിൽ, അവന് നല്ല കുതിരകൾ ഉണ്ടായിരുന്നിരിക്കും, എന്നതിൽ സംശയമില്ല, അതു കാണുന്നതിനും, നിങ്ങൾക്ക് ലഭിച്ചിരിക്കുന്ന നല്ല വസ്തുങ്ങൾക്കും, പിന്നെ—പിന്നെ ഒരു കാറും, നിങ്ങൾക്ക് എല്ലാവർക്കും ഉള്ളതു പോലെ ഒരു നല്ല ഡാഡും അമ്മയും ഉണ്ടായിരുന്നു, കഴിയും...ഇന്നു നിങ്ങൾ ജീവിതം ആസ്വദിക്കുന്നതു പോലെ, ജീവിതം ആസ്വദിച്ചിരുന്നു.

41 കൂടാതെ ആ അപ്പനും അമ്മയും...നിരന്തരം പ്രാർത്ഥിക്കുന്നു അത്—അത് അവരുടെ മകൻ ഒരു സാധാരണ മനുഷ്യനായി തീരാതെ, അവൻ ഒരു അസാധാരണ മനുഷ്യനായി തീരണം. എല്ലാ മാതാപിതാക്കളും അത് ആഗ്രഹിക്കുന്നു. യേശു ആ കല്പന പരാമർശിക്കുന്നത് നിങ്ങൾ കേട്ടിട്ടുണ്ടോ, “നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക,” പിന്നെ നിർത്തിയോ? കണ്ടോ? അതാണ് ഏതൊരു രക്ഷകർത്താവിന്റെയും അഭിലാഷം, അവരുടെ കുട്ടികൾക്കായി, അവരാൽ കഴിയുന്ന, ഏറ്റവും നല്ലത് ചെയ്യുക, അവരെ പഠിപ്പിക്കുക, അവർക്ക് നേടാൻ കഴിയാത്ത കാര്യങ്ങളെ അവർക്ക് നേടി കൊടുക്കുക. ആ വിധത്തിലാണ് എന്റെ മക്കളെക്കുറിച്ച് ഞാൻ ചിന്തിക്കുന്നത്.

42 ചില നേരങ്ങളിൽ, സ്കൂളിൽ പോകുമ്പോൾ, ഞാൻ ചിന്തിക്കും, ഇപ്പോൾ; ഞാൻ ചിന്തിക്കും, ഈ കാര്യങ്ങൾ എല്ലാം നടന്നു കൊണ്ടിരിക്കുമ്പോൾ, ബെക്കിയേയും സാറായേയും ജോസഫിനെയും ഈ ഹൈസ്കൂളുകളിലേക്കും മറ്റും അയയ്ക്കണോ? ഞാൻ അവരെയും കൂട്ടി മലയിലേക്ക് തിരികെ പോകുമെന്ന് ഞാൻ കരുതുന്നു, കൂടാതെ—കൂടാതെ അവരെ അവിടെ വളർത്തി...ഇൻഡ്യാക്കാർ ജീവിക്കുന്നതു പോലെ.

43 എന്നാൽ അത് എന്താണ് എന്നുള്ളത് ഇവിടെയാണ്. ആ കുട്ടികളിൽ നിന്ന് എന്താണ് പുറത്തുവരാൻ പോകുന്നത്. അത് എവിടെയാണ് എന്നത് പ്രശ്നമല്ല, അത് ലഭിച്ചിരിക്കുന്നു, അത് പുറത്തുവരാൻ പോകുന്നു. അത് അവിടെ ദുഷ്ടതയുള്ളത് ആണെങ്കിൽ, അത് ഇൻഡ്യൻ ക്യാമ്പിൽ നിന്നായാലും പുറത്തുവരും. അത്

അവിടെ നല്ലത് ആയിരുന്നാൽ, ഏത് ക്യാമ്പിൽ നിന്നും ഇത് പുറത്തുവരും. കണ്ടോ? ഇതാണ് ആ കുട്ടിയിലുള്ളത്, കുട്ടിയുടെ മേക്കപ്പ്, അതാണ് നിങ്ങളുടെ ഉള്ളിലുള്ളത്. ഒരുപക്ഷേ നിങ്ങൾ ഇപ്പോൾ എന്തായിരിക്കുന്നോ നിങ്ങളുടെ ശേഷിക്കുന്ന ജീവിതകാലവും അതായിരിക്കും. നിങ്ങൾ മാറ്റപ്പെടുന്ന ഒരു സ്ഥലത്താണ്.

44 എന്താണെന്ന് നിങ്ങൾക്കറിയാമോ? യേശു ക്രിസ്തുവിലേക്കുള്ള പരിവർത്തനത്തിന്റെ എണ്പത്തി-ആറ് ശതമാനവും ഇരുപത്തിയൊന്ന് വയസ്സിനു മുമ്പ് സംഭവിക്കുന്നു. അത് ഇത് കാണിക്കുന്നു. സ്ഥിതിവിവരക്കണക്കുകൾ ഇത് കാണിക്കുന്നു. ക്രിസ്തുവിലേയ്ക്കു വരുന്ന എണ്പത്തി-ആറ് ശതമാനവും, അവർ ഇരുപത്തി-ഒന്ന് വയസ്സിനു മുമ്പ് വരുന്നു. നിങ്ങൾ, നിങ്ങൾക്ക് ആ പ്രായം കഴിയുമ്പോൾ, നിങ്ങളെ കൂടുതൽ വാർത്തെടുക്കുകയോ നിങ്ങളുടെ വഴികളിൽ ഉറച്ചു കഴിയുകയോ ചെയ്യുന്നു. ഓ, ഇത് സാധ്യമാണ്, ഉറപ്പായും. അവർ വരുന്നു, എഴുപത്, എണ്പത്, വയസ്സ് പ്രായം, പക്ഷേ അത് വളരെ അപൂർവ്വമാണ്. കണ്ടോ?

45 നിങ്ങൾ ചെറുപ്പം ആയിരിക്കുമ്പോൾ തന്നെ നിങ്ങൾ സ്വയം തയ്യാറാകുന്നു. നിങ്ങൾ എന്താണ് ചെയ്യേണ്ടതെന്നും, ജീവിതത്തിൽ നേടാൻ ശ്രമിക്കുന്നത് എന്താണെന്നും നിങ്ങൾ തീരുമാനിച്ച് ഉറക്കുന്നു. നിങ്ങൾ അതിനെക്കുറിച്ച് ചിന്തിക്കുന്നു. നിങ്ങൾ ചിന്തിക്കുന്നതു പോലെ, തീർച്ചയായും, നിങ്ങളുടെ മനസ്സ്, അത് നിങ്ങളുടെ മനസ്സിൽ അവതരിപ്പിക്കുന്ന അജ്ഞാതമായ എന്തോ ചിലതിനാൽ അത്—അത് നിങ്ങളുടെ മനസ്സിനെ സ്വാധീനിക്കുന്നു. അത് നിങ്ങളുടെ മനസ്സിൽ വരുമ്പോൾ, നിങ്ങൾ അത് ചെയ്യാൻ പോകുന്നു എന്നു, നിങ്ങൾ തന്നെ അതു പറയുന്നു. നിങ്ങളുടെ അഭിലാഷങ്ങൾ നിങ്ങളെ അതിലേക്ക് നയിക്കുന്നു.

46 അതിനാൽ, ഈ ചെറുപ്പക്കാരനിൽ പ്രതീക്ഷ വെച്ച് അമ്മയും അപ്പനും...മഹാനാകാനുള്ള അവന്റെ ആഗ്രഹങ്ങൾ; അത് നടപ്പിലാക്കാൻ മതിയായ പണം ഉണ്ടായിരിക്കണം. പിന്നെയും, അത് ഈ—ഈ ചെറുപ്പക്കാരനായ ബാലന് ആ—ആ അവസരം ലഭിക്കാനായി പ്രാർത്ഥിച്ചിരിക്കും, എന്നതിലും സംശയമില്ല. നിങ്ങൾ നോക്കൂ, അവർ—അവർക്ക് ചെയ്യാൻ കഴിയുന്നതെല്ലാം അവർ ചെയ്തിരുന്നു. ഒരുപക്ഷേ അവനു നല്ല കുതിരകൾ ഉണ്ടായിരുന്നു എന്നു വരാം, കൂടാതെ—ഒരുപക്ഷേ സ്ത്രീകൾക്കിടയിൽ വളരെ പ്രശസ്തനായിരുന്നു എന്നിരിക്കാം.

47 സ്ത്രീക്ക് വേണ്ടിയും, തിരിച്ചും, പോകുന്ന മനുഷ്യനു എന്നതു സംഭവിക്കുന്നു, നോക്കൂ, കാരണം നമ്മൾ സംസാരിക്കുന്നത്

മനുഷ്യ ജീവിതത്തെപ്പറ്റിയും, പുരുഷന്മാരുടെയും സ്ത്രീകളുടെയും, പ്രാണനുകളെപ്പറ്റിയും ആകുന്നു.

48 എന്നിട്ട്, ഈ ബാലനു കിട്ടി എല്ലാ അവസരത്തിന് ശേഷവും, നോക്കു, അവൻ ആയിത്തീർന്നു, "എളുപ്പമുള്ള തെരുവ്," നമ്മൾ അതിനെ വിളിക്കുന്നു, അവന് വളരെയധികം വിഷമിക്കേണ്ട ഒരു സ്ഥലത്ത് എത്തിച്ചേർന്നു. അവന്റെ മാതാപിതാക്കൾക്ക് പണമുണ്ടായിരുന്നു. അവന് ഉണ്ടായിരുന്നു...അവൻ വളരെ ആയിരുന്നു...അവൻ ഒരു പ്രമാണിയായി തീർന്നു. ബൈബിൾ അതിനെ ഇവിടെ പരാമർശിക്കുന്നു, ആ...യുവ, ധനികനായ യുവ പ്രമാണി. നാം അത് കാണുന്നു...ഒരു ചെറു പ്രായത്തിൽ തന്നെ, ഒരുപക്ഷേ അവന്റെ കൌമാര പ്രായത്തിൽ, സ്കൂളിൽ നിന്നും പുറത്തു വന്നിരിക്കാം, ബിരുദ ദാനത്തിന് പുറത്ത്, ഒരുപക്ഷേ, ഒരു ചില ആഴ്ചകൾക്ക് മുമ്പ്, അല്ലെങ്കിൽ മറ്റെന്തെങ്കിലും, അവൻ ആയിതീർന്നു...അവൻ ഒരു പ്രമാണിയാണ്, മാത്രമല്ല ഹൃദയങ്ങൾ ആഗ്രഹിക്കുന്നത് എല്ലാം അവനുണ്ടായിരുന്നു.

49 ആ ബാലൻ നൂതന റിക്കി ആയിരുന്നില്ല. അവൻ നല്ല കുട്ടി ആയിരുന്നു. ഞാൻ വിശ്വസിക്കുന്നത്, ലൂക്കോസ് ഇതിനെക്കുറിച്ച് എഴുതിയപ്പോൾ, അല്ലെങ്കിൽ മർക്കോസ്, ഇതെന്നു ഞാൻ വിശ്വസിക്കുന്നു, യേശു അവനെ നോക്കി നെടുവീർപ്പിട്ടു, കാരണം അവൻ അവനെ സ്നേഹിച്ചിരുന്നു. കണ്ടോ? ആ കുട്ടിയെക്കുറിച്ച് എന്തോ ചിലതുണ്ടായിരുന്നു. ഈ കുട്ടിയുമായി ഒത്തുചേർന്ന ഒരു നല്ല വ്യക്തിത്വം ഉണ്ടായിരുന്നു. അവൻ എവിടെ നിന്ന് വന്നിരുന്നു? ദൈവത്തിന്റെ കല്പനകളെ പഠിപ്പിച്ചിരുന്ന ഒരു നല്ല കുടുംബത്തിൽ നിന്ന്, മാത്രമല്ല അവൻ അത് കാത്തുകൊണ്ടിരുന്നതും കണ്ടു. അവന്റെ ചെറുപ്പകാലം മുതൽ, അവൻ അതു ചെയ്തു പോന്നു.

50 ആ ബാലന് ഒരു ആഗ്രഹമുണ്ടായിരുന്നു; അവൻ നിത്യജീവൻ ആഗ്രഹിച്ചിരുന്നു. അവൻ ചോദിച്ചു, "നല്ല ഗുരോ, നിത്യജീവനെ അവകാശമാക്കാൻ ഞാൻ എന്തു ചെയ്യേണം?"

51 നോക്കു, നിങ്ങൾക്ക് ലോകത്തിൽ ലഭിച്ചിരിക്കുന്നതെല്ലാം, അപ്പോഴും നിങ്ങളുടെ ഉള്ളിലുള്ള പ്രാണൻ നിങ്ങളോട് പറയുന്നു അവിടെ നിങ്ങൾക്ക് ആവശ്യമായ എന്തോ ചിലതുണ്ട്, അതു നിങ്ങൾക്ക് ലഭിച്ചിട്ടില്ല. സമ്പത്തിനാൽ മാത്രം...അല്ലെങ്കിൽ, അത് എല്ലായ്പ്പോഴും സമ്പത്ത് ഉണ്ടായിരിക്കണമെന്നില്ല. അത് ജനപ്രിയവും, സുന്ദരിയുമായ ഒരു പെൺകുട്ടിയാകാം, അവൾക്ക് ചിന്തിക്കാൻ കഴിയുന്നതുപോലെ അവൾക്ക് സൌന്ദര്യം ലഭിച്ചിട്ട്, അത് ആയിരിക്കാം. ഒരുപക്ഷേ അവൾ സ്കൂളിൽ വളരെ ജനപ്രിയയാകാം.

ഒരുപക്ഷേ ആ ആൺകുട്ടിക്ക് അവൻ ആഗ്രഹിക്കുന്ന ഏത് പെൺകുട്ടിയെയും നേടാനായി എന്നു വരാം. അവൻ ഒരുവിധം സുരക്ഷിതനാണെന്ന് അവനു തോന്നിയിരുന്നു. അതല്ല സുരക്ഷ. അതെല്ലാം വയലിലെ പുഷ്പം പോലെ വാടിപ്പോകും. കണ്ടോ? അത് പോകും. ദീർഘകാലം നിലനിൽക്കില്ല. സൂര്യന്റെ ഏതാനും തിരിവുകൾ, അത് ഇല്ലാതായി, അപ്പോൾ നിങ്ങൾക്ക് നിത്യമായി ജീവിച്ചിരിക്കേണ്ട ഒരു പ്രാണൻ ലഭിച്ചിരിക്കുന്നു.

52 ഈ ചെറുപ്പക്കാരൻ ബലന് നല്ല വ്യക്തിത്വം ഉണ്ടായിരിക്കണം, എന്തുകൊണ്ടെന്നാൽ അവൻ മുട്ടുകുത്തി കുമ്പിട്ടു, കർത്താവായ യേശുവിനു അവനെ സമർപ്പിച്ചു എന്നു അവൻ അറിഞ്ഞിരുന്നു. അവൻ ചോദിച്ചു, "നല്ല ഗുരോ, നിത്യജീവനെ അവകാശമാക്കേണ്ടതിന്നു ഞാൻ എന്തു ചെയ്യേണം?"

53 അവൻ ചോദിച്ചു, "ഒരുവൻ മാത്രമേ നല്ലവനായിട്ടുള്ളൂ എന്നു നീ അറിയുന്നു, അതു ദൈവമാകുന്നു," പറഞ്ഞു, "നീ എന്നെ നല്ലവൻ എന്ന് വിളിക്കുന്നത് എന്തിന്?" കണ്ടോ? ഇതിൽ യുവാവ് എന്താണ് പ്രകടിപ്പിച്ചത്? അത് അവൻ ദൈവമാകുന്നു എന്നാണ്. കണ്ടോ? അവൻ പറഞ്ഞു, "കല്പനകളെ നീ അറിയുന്നു. അവ കാത്തുകൊൾക."

പറഞ്ഞു, അതിനാൽ അവൻ ചോദിച്ചു, "ഗുരോ, എന്ത് കല്പനകൾ?"

54 അവൻ പറഞ്ഞു, "കല്പനകളായ 'നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക,' അങ്ങനെയും മറ്റും ഉള്ളവ."

55 അവൻ പറഞ്ഞു, "എന്റെ ചെറുപ്പം മുതൽ, ഞാൻ ഇത് കാത്തുകൊള്ളുന്നു. നോക്കു, ഞാൻ ഇത് ചെയ്തുകൊണ്ടിരിക്കുന്നു."

56 അവൻ പറഞ്ഞു, "ഇനിയും നിനക്ക് ഒരു കുറവുണ്ട്. പോയി, നിങ്ങൾക്കുള്ളതെല്ലാം വിറ്റ്, ദരിദ്രർക്ക് പകുത്തു കൊടുക്കു, പിന്നെ എന്നെ അനുഗമിക്ക."

57 എന്തൊരു അവസരം! അത് അവരിൽ ഒരാളായ, പത്രൊസിനോ, യാക്കോബിനോ, യോഹന്നാനോ ഉണ്ടായിരുന്നതു പോലെ ആയിരുന്നു. നോക്കു, ആ കുട്ടിയെ പരിശീലിപ്പിച്ച് ശരിയായി വളർത്തിക്കൊണ്ടു വരികയും, അവനെ ഉപയോഗിക്കുന്നതിനു, ക്രിസ്തുവിന് സമർപ്പിക്കുകയും ചെയ്തിരുന്നു അവനിൽ ഉണ്ടായിരുന്ന എല്ലാ സാധ്യതകളിലും, ഉപയോഗിക്കാൻ, ഒരുപക്ഷേ വിദ്യാസമ്പന്നൻ, ചെറുപ്പക്കാരൻ, സമ്പന്നൻ, സ്വാധീനം, അവിടെ അവനോട് സുവിശേഷം അവതരിപ്പിച്ചിട്ടും, അത് അപ്പോഴും നിരസിക്കുക.

ആ ചെറുപ്പക്കാരനായ ബാലന് അത് എന്തൊരു—എന്തൊരു സാഹസികമായ കാര്യമായിരുന്നു! കണ്ടോ?

58 "എന്നെ അനുഗമിക്ക." ഇപ്പോൾ, നോക്കൂ, അവനു ആരെയെങ്കിലും അനുഗമിക്കേണ്ടതുണ്ട്. ഇപ്പോൾ, ഒന്നുകിൽ അവനുമായി സഹകരിക്കുന്ന ആളുകളുടെ സ്വാധീനതയിലോ, ചില യുവതിയായ മഹിളയുടെ സ്വാധീനതയിലോ, അവനുമായി ബന്ധം വെയ്ക്കുന്ന ഒരു കൂട്ടം ആൺകുട്ടികളുടെ സ്വാധീനത്താലോ, അവന്റെ സ്കൂളിലെ സഹപ്രവർത്തകരുടയോ, അതുമല്ലെങ്കിൽ യേശു ക്രിസ്തുവിനെയോ അനുഗമിക്കണം. അവന്റെ എല്ലാ നന്മയിലും, എന്നിട്ടും അവന് അപ്പോഴും നിത്യജീവൻ ഇല്ലെന്ന് അവൻ അറിഞ്ഞിരുന്നു.

കുട്ടികളേ, അതിനെപ്പറ്റിയാണ് നിങ്ങൾ ചിന്തിക്കേണ്ടത്. കണ്ടോ?

59 ഈ രാത്രിയിൽ ആ ആൺകുട്ടിയെ നോക്കൂ, അവന് എന്ത് ആകാമായിരുന്നു, അവൻ എന്താകുന്നു, ഈ രാത്രി അവൻ എന്താണ്. അവൻ എവിടെയോ ആകുന്നു. അവൻ ഒരു മനുഷ്യനായിരുന്നു. അവൻ എവിടെയോ ആകുന്നു. അവൻ ന്യായവിധി കാത്തിരിക്കുന്നു. കുട്ടികളായ നിങ്ങളുടെ മുന്നിൽ അവതരിപ്പിക്കുന്ന അതേ അവസരത്തെ നിരസിച്ചിട്ട്, ആ ദിവസം ന്യായവിധിയെ നേരിടാൻ അവൻ കാത്തിരിക്കുകയാണ്, മിക്കവാറും ഒരേ സാഹചര്യത്തിലാണ്; നല്ല കുട്ടികൾ, നല്ല വ്യക്തിത്വം, നല്ല അപ്പന്മാരും അമ്മമാരും, നിങ്ങളുടെ പക്കലുള്ളത്, നിങ്ങൾ ജോലി ചെയ്യാൻ ആഗ്രഹിക്കുന്നില്ല എങ്കിലും നിങ്ങൾക്ക് അതുപോലും ചെയ്യേണ്ടതില്ല. കണ്ടോ?

60 എന്നാൽ അതിനോടൊപ്പം പോകുന്ന മറ്റു ചിലതും കൂടെയുണ്ട്. അതിനോടൊപ്പം മറ്റെന്തോ ചിലതും കൂടെ പോകുന്നു. ആ വചനം, ഇന്ന് രാത്രി, ഒരിക്കലും മരിക്കില്ല. ഇത് ഇപ്പോഴും ഓരോ യുവാവിനും, ഓരോ യുവതിക്കും ഒരു വെല്ലുവിളിയാണ്, "എന്നെ അനുഗമിക്ക." കണ്ടോ?

61 വാക്കുകൾ മരിക്കുന്നില്ല. നിങ്ങൾ എപ്പോഴെങ്കിലും സംസാരിക്കുമ്പോൾ, അതു ഓർത്തിരിക്കണം, അത് രഹസ്യമായി നിങ്ങളുടെ കാറിൽ ആയിരുന്നാലും, അതോ അത് പുൾപ്പിറ്റിൽ ആയിരുന്നാലും, അത് തെരുവിന്റെ കോണിൽ വെച്ച് നിങ്ങളുടെ കാമുകനുമായോ കാമുകിയോടോ ആയിരുന്നാലും, അത് എവിടെയായിരുന്നാലും അത് ഒരിക്കലും മരിക്കുന്നില്ല. അത്—അതിനു എന്നേക്കും നിലനിൽക്കേണ്ടതുണ്ട്.

62 ഞാൻ ആ പെൺകുട്ടിയെ കണ്ടപ്പോൾ ഞാൻ അത്... കഴിഞ്ഞു രാത്രി ദർശനത്തിൽ, സുന്ദരിയായ ചെറുപ്പക്കാരി പെൺകുട്ടി, ഹോളിവുഡ് നടി, അവൾ മരിക്കുന്നതും, എത്തുന്നതും,

സഹായത്തിനായി ശ്രമിക്കുന്നതും ഞാൻ കണ്ടു. കുമാരി മോൺറോയി, അവൾ ഹൃദയാഘാതത്താൽ മരിച്ചു. പിന്നെ അത് രണ്ട് വർഷം മുമ്പ് ആയിരുന്നിട്ട്, അവൾ മരിക്കുന്നത് ഞാൻ കണ്ടിരുന്നു. രണ്ടു ദിവസത്തിനു ശേഷം അവൾക്ക് മരിക്കണമായിരുന്നു.

63 പിന്നെ, കഴിഞ്ഞ രാത്രി, ആ പെൺകുട്ടിയുടെ ശബ്ദം ഞാൻ കേട്ടു. എങ്ങനെ? കുട്ടികൾ എന്നോട് പറഞ്ഞുകൊണ്ടിരുന്നു, "ഡാഡി, നിങ്ങൾ എല്ലായ്പ്പോഴും, ആ തിരികെ വരാത്ത നദിയിൽ ഇറങ്ങാറുണ്ട്." പറഞ്ഞു, "ഇന്ന് രാത്രി, അവർക്ക് അത്തരത്തിലെ ഒരു നാടകം കിട്ടിയിട്ടുണ്ട്." ആ സമയം ആകുന്നതിനു ഒരാഴ്ചയ്ക്കോ രണ്ടിനോ മുമ്പ്, ഒരു പ്രത്യേക രാത്രിയിൽ ആയിരിക്കും എന്നു അവർ എന്നോട് പറഞ്ഞു. ഞാൻ വിചാരിച്ചു, "ശരിയാണ്, ഞാൻ അത് കാണാൻ ആഗ്രഹിക്കുന്നു, കാരണം ഞാൻ രണ്ടോ മൂന്നോ തവണ, ആ നദിയിൽ ഇറങ്ങിയിട്ടുണ്ട്; ഞാൻ കരുതുന്നത്, ഏകദേശം അഞ്ച് തവണ എന്നാണ്." അതെ, ഞാൻ—ഞാൻ അത് കാണാൻ ആഗ്രഹിക്കുന്നു.

64 കുമാരി മെർലിൻ മോൺറോയി അത് അഭിനയിച്ചിരുന്നു. ശരിയാണ്, ആ ദർശനത്തിൽ ഞാൻ കണ്ട പെൺകുട്ടി അതാണ്. *തിരികെ വരാത്ത നദിയിൽ* അവൾ അഭിനയിച്ച അതേ അഭിനയത്തിൽ, ചിത്രത്തിലും, അഭിനയങ്ങളിലും, അവൾ അവിടെ ഉണ്ടായിരുന്ന്, ഒരുപക്ഷേ പതിനഞ്ച് വർഷം മുമ്പ്, അവൾ ആ ചിത്രം എടുത്തപ്പോൾ ഉള്ളതായിരുന്നു. അത് ഒരു പഴയ ചിത്രമായിരുന്നു, ഒരുപക്ഷേ ഇരുപത് വർഷം മുമ്പുള്ളത്. അവൾ മരിച്ചിട്ട് രണ്ട് വർഷളായി. ജീവനുള്ളവളായി, എല്ലാ അഭിനയവും എല്ലാ വാക്കുകളോടും, അവിടെ അവൾ അതാ വീണ്ടും ആയിരിക്കുന്നു. കണ്ടോ? അത് വീണ്ടും സജീവമാകുന്നതുവരെ മാഗ്നറ്റിക് ടേപ്പിൽ പിടിക്കപ്പെടുന്നു.

65 അതു മാത്രമല്ല, നമ്മൾ പറയുന്ന സകലതും സജീവമാണ്. നാം സംസാരിക്കുന്ന ഒരു വാക്കും മരിക്കുന്നില്ല. മുറിയിലൂടെ ഇപ്പോൾ വാക്കുകളും, ആളുകളുടെ രൂപങ്ങളും വരുന്നുണ്ട്. ടെലിവിഷൻ അത് പിടിച്ചെടുക്കുന്നു. നിങ്ങൾക്ക് ഇവിടെ നിന്നുകൊണ്ട് സംസാരിക്കാനും, അതേ നിമിഷം തന്നെ, ലോകമെമ്പാടും അവർക്ക് നിങ്ങളെ കേൾക്കാനും കഴിയുന്നു. അത് ഈ മുറിയിൽ നിങ്ങൾക്ക് കേൾക്കാൻ കഴിയുന്നതിന് മുമ്പ് തന്നെ, ഇലക്ട്രോണിക് മാധ്യമത്താൽ, ഇത് ലോകമെമ്പാടും പോകുന്നു.

66 ദൈവത്തിന്റെ മഹത്തായ സ്ക്രീൻ അത് പിടിച്ചെടുക്കുന്നു. നിങ്ങൾ നടത്തുന്ന ഓരോ നീക്കവും ഓരോ പ്രവൃത്തിയും, നിങ്ങൾക്ക്

അതിനെ ന്യായവിധിയിൽ കണ്ടുമുട്ടേണ്ടതുണ്ട്. കണ്ടോ? അതിനാൽ, ചെറുപ്പക്കാരേ, ഇത് നിർത്തുന്നത് ഒരു നല്ല കാര്യമാണ്, ഈ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കു, നോക്കു, കാരണം നിങ്ങൾ ഇതിനെ വീണ്ടും സന്ധിക്കാൻ പോകുന്നു. കണ്ടോ?

67 നമുക്ക് ഈ ചെറുപ്പക്കാരനെ പിന്തുടർന്ന്, അവന് ലഭിച്ച അവസരത്തിൽ, നിങ്ങളെ സ്വയം അവന്റെ സ്ഥാനത്ത് വയ്ക്കാം. ഒരു പെൺകുട്ടി, അത് ബെക്കിയും മെർളിനും ഒരു പോലെയായി, അതു നിങ്ങൾ അവന്റെ സ്ഥാനത്ത് നിൽക്കുന്നതു പോലെയാണ്, ആ ശബ്ദം ഇപ്പോഴും സജീവമായിട്ട് നിങ്ങൾക്ക് അത് കേൾക്കാൻ കഴിയുന്നു.

68 ഇത് ഇപ്പോഴും സജീവമാണ്. ഇത് ഇപ്പോഴും നീങ്ങിക്കൊണ്ടിരിക്കുന്നു. ശാസ്ത്രം പറയുന്നു, "ഇപ്പോൾ തുടങ്ങി ഇരുപത് വർഷത്തിൽ, രണ്ടായിരം വർഷങ്ങൾക്ക് മുമ്പ്, അവൻ സംസാരിച്ച അവന്റെ അക്ഷരീയ ശബ്ദത്തെ അവർ എടുക്കും." അത് ഇപ്പോഴും സജീവമാണ്. സമുദ്രത്തിൽ ഒരു കല്ല് വീഴുന്നതുപോലെ, ആ തിരമാല ഒരിക്കലും അവസാനിക്കുന്നില്ല. ആയിരക്കണക്കിനു മൈലുകൾ, അത് കരയിലേക്ക് പോയിട്ട്, തിരികെ വരുന്നു.

69 ഒരു ശബ്ദം അങ്ങനെ ഒരിക്കൽ വായുവിൽ സംസാരിച്ചു കഴിയുമ്പോൾ, അത് ഒരിക്കലും മരിക്കുന്നില്ല. ന്യായവിസ്താരത്തിൽ നിങ്ങൾക്ക് ഒന്നും പറയാൻ കഴിയില്ല. അത് അവിടെ തന്നെയുണ്ട്. ആ ചെറുപ്പക്കാരനെ ക്ഷണിച്ച യേശു ക്രിസ്തുവിന്റെ ശബ്ദം "എന്നെ അനുഗമിക്ക" അവിടെ ഉണ്ടായിരിക്കും, അവൻ അതിനു ചെവി കൊടുത്തില്ല, പ്രദർശനത്തിൽ, ദുഃഖിതനാണ്, എന്തുകൊണ്ടെന്നാൽ അവന് വലിയ സമ്പത്ത് ഉണ്ടായിരുന്നു. കണ്ടോ? ഒരുപക്ഷേ നമുക്ക് പോലും കാണില്ല...എല്ലായ്പ്പോഴും പണം ആയിരിക്കണം എന്നില്ല. അത് മറ്റ് കാര്യങ്ങളും ആകാം. കണ്ടോ? ആ വിളിയോട് നാം ചെയ്തിട്ട് നമുക്ക് പ്രിയപ്പെട്ടതായി പിടിച്ചിരിക്കുന്നതെല്ലാം, നോക്കു, അത് നമുക്ക് ഒരു പണം എന്നതു പോലെയാണ്. അത് നമ്മെ ദുഷിപ്പിക്കുന്ന ഒന്നായി മാറുന്നു.

70 ഇപ്പോൾ നമുക്ക് അല്പനേരം അവനെ പിന്തുടരാം. അവൻ പിന്തിരിഞ്ഞപ്പോൾ എന്തു സംഭവിച്ചു? ക്രിസ്തുവിന്റെ ആ ശബ്ദം അവൻ കേട്ടില്ല. അവൻ അവന്റെ സുഹൃത്തുക്കളോടൊപ്പം പോയി.

71 അത്, കുട്ടികളായ നിങ്ങൾ, നിങ്ങൾ എല്ലാവരും നല്ല കുട്ടികളാണ്, നിങ്ങൾക്ക് സുഹൃത്തുക്കൾ ഉണ്ടായിരിക്കും, എന്നാൽ നിങ്ങൾക്കുള്ളത് എങ്ങനെയുള്ള സുഹൃത്തുക്കളാണെന്ന് നോക്കു. ആ സുഹൃത്ത് ക്രിസ്തുവിനെ അനുഗമിക്കുന്നെങ്കിൽ, ആ സുഹൃത്തിനോടൊപ്പം

പോകുക. ക്രിസ്തുവിനെയും കൂടെ, അനുഗമിക്കു. അത് ചെയ്യുന്നില്ലെങ്കിൽ, അത് ചെയ്യരുത്.

72 നമുക്ക് അവനെ നോക്കാം. നമ്മൾ കണ്ടത്, അവൻ ഒരുപക്ഷേ തന്റെ സുഹൃത്തുക്കളെ വെച്ചിരിക്കാം. അവൻ ഒരു വലിയ പ്രമാണിയായി തീരുന്നു. അന്ന് അവൻ ഒരു പ്രമാണിയായിരുന്നു. പിന്നീട്, അവൻ വളരെയധികം സമ്പന്നനായി കാണപ്പെട്ട് അവൻ—അവൻ—അവൻ തന്റെ സാധനങ്ങൾ ഇടാൻ അവനു അധിക കളപ്പുരകൾ പണിയുന്നു. എന്നിട്ട് അവൻ സ്വയം പറഞ്ഞു, പ്രായമായതിനു ശേഷം, യൌവ്വനത്തിലെ ജീവിതവും കാര്യങ്ങളുടെയും കരുതലുകൾ കടന്നുപോയി, അവൻ ചെയ്തതെല്ലാം, ഒരുപക്ഷേ, വിനോദമായിരിക്കാം.

73 എന്നെപ്പോലെയോ, എന്റെ ഭാര്യയെപ്പോലെയോ, ഒരു വൃദ്ധനോ അതല്ല ഒരു വൃദ്ധയോ, ആയിതീർന്ന്, നിങ്ങളുടെ അമ്മമാരും അപ്പനും, അവർക്ക് ചിന്തിക്കാൻ തന്നെ ഒന്നും തന്നെ കഴിയാതാകുമ്പോൾ ആകുന്നു. അവർക്ക് കഴിയില്ല, പുറത്തു പോകുകയും പിന്നെ—പിന്നെ തെരുവുകളിലൂടെ മുകളിലേക്കും-താഴേക്കും ഓടാൻ ആഗ്രഹിക്കാതെ, നിങ്ങൾക്കറിയാം, ഇങ്ങനെ—ഇങ്ങനെ ചെറുപ്പക്കാരും, യുവതികളും ആഗ്രഹിക്കുന്നതു പോലെയാണ്. തീയതികൾ, ആരാണ് നിങ്ങളുടെ ഭാര്യയോ അതല്ല ഭർത്താവോ ആകാൻ പോകുന്നത്, അല്ലെങ്കിൽ, നോക്കൂ, അവർക്ക് അവരുടെ മനസ്സിൽ അതില്ല. അവർക്ക്, അവർക്ക് താല്പര്യമുള്ള, അവരുടെ കുട്ടികളുണ്ട്. ഒരു നാളെ ഉണ്ടെങ്കിൽ, നാളെ, നിങ്ങൾ എല്ലാവരും ആകാൻ പോകുന്നത്. കണ്ടോ?

74 പിന്നെ, ഈ വ്യക്തിയെ കാണൂ, ഒരുപക്ഷേ...ചിലപ്പോൾ അവൻ വിവാഹം പോലും കഴിച്ചിട്ടില്ലായിരിക്കാം. കൂടാതെ, എന്നിരുന്നാലും, അവൻ ഒരു വലിയ പ്രമാണിയായിരുന്നു. അവൻ ഇരുന്നിട്ട്...

75 യെരുശലേമിൽ ആയിരിക്കുന്നതു പോലെ, ഇപ്പോഴും, ഇന്നും, അവർ വീടിന്റെ ടെറസ്സിൽ ഇരുന്നു ഭക്ഷണം കഴിക്കുന്നു, ദിവസത്തിന്റെ ഈ സമയത്ത്, തണുത്തു കഴിയുമ്പോൾ, വൈകുന്നേരത്ത് പുറത്തിരിക്കുന്നു.

അവനോടൊപ്പം ചിത്രീകരിച്ചിരിക്കുന്ന മറ്റൊരു കഥാപാത്രത്തെ നാം കാണുന്നു: ഒരു യാചകൻ.

76 ആ മനുഷ്യൻ, ഉയിർപ്പിക്കപ്പെടുന്നതു വരെ—അയൽക്കാരനെ ബഹുമാനിച്ച്, മറ്റുള്ളവർ നിങ്ങളോട് ചെയ്യാൻ ആഗ്രഹിക്കുന്നതുപോലെ മറ്റുള്ളവരോടും ചെയ്യേണ്ടതും ആകുന്നു. നോക്കൂ, ക്രിസ്തുവിന്റെ ആ വിളി നിരസിച്ചിട്ട്, അവസാനം...ഇതുപോലെ,

ഒരു ബാലനെ അത്തരത്തിലുള്ള ഒരു വീട്ടിൽ വളർത്തിയാൽ, അത് ഒരിക്കലും അവനിൽ നിന്ന് അകന്നു പോകുമായിരുന്നില്ല, പക്ഷേ അത് സംഭവിച്ചിരുന്നു. അതു സംഭവിച്ചു.

77 ലാസർ എന്നു പേരുള്ള ഒരു മനുഷ്യൻ, ആ പടിപ്പുരയിൽ ആ മനുഷ്യൻ കിടന്നിട്ട്, വ്യർത്ഥമായി, അവനായി ഭക്ഷണം യാചിച്ചിരുന്നു. അവൻ അടിച്ചു വാരിയിരുന്ന നുറുക്കുകൾ, ഭിക്ഷക്കാരൻ മാത്രമല്ല, നായ്ക്കളും കഴിക്കുമായിരുന്നു. വ്രണത്താൽ നിറഞ്ഞിരുന്നു. പക്ഷേ ആ മനുഷ്യൻ സമൂഹത്തിൽ വളരെയേറെ മിനുക്കിയിരുന്നിട്ട്, അപ്പോൾ, അവനു പിന്നെയും സഹാനുഭൂതിയും ഇല്ലായിരുന്നു. അവൻ ക്രിസ്തുവിന്റെ ആ വാഗ്ദാനം നിരസിച്ചതിനാൽ, അവന്റെ ഉണർച്ചയറ്റു പോയിരുന്നു.

78 ഒരുപക്ഷേ ഒരു സായാഹ്നം, ഈ സമയം, നല്ല വീഞ്ഞ് ഉപയോഗിച്ച് തന്റെ റൊട്ടി പൊരിക്കുകയും, സുന്ദരികളായ സ്ത്രീകൾ, രത്നങ്ങൾ ധരിച്ച്, അവനു ചുറ്റും, അങ്ങനെയുള്ള കാര്യങ്ങളുമായി, അവന്റെ ഹൃദയത്തിലെ സകല ആശയുമായി, പൊരിച്ചു കൊണ്ടിരിക്കുന്നു. പടിപ്പുരയിൽ ഒരു ഭിക്ഷക്കാരൻ കിടക്കുന്നു.

79 പിറ്റേന്ന് രാവിലെ, പകൽ വെളിച്ചം വരുന്നതിനു മുമ്പ്, അവൻ പാതാളത്തിലായി, ലാസറിനാൽ നാവിൽ വെള്ളം വെച്ചു കൊടുക്കണം എന്ന് നിലവിളിക്കുന്നു. ആ രംഗത്തിന്റെ മാറ്റം.

80 അവൻ പറഞ്ഞപ്പോൾ, നിങ്ങൾ ശ്രദ്ധിച്ചോ, "അബ്രഹാം പിതാവേ," ഇപ്പോൾ, അബ്രഹാം യഹൂദന്മാരുടെ പിതാവാണെന്ന് അവൻ അപ്പോഴും ഓർക്കുന്നു. അവൻ പറഞ്ഞു, "അബ്രഹാം പിതാവേ, ആ ഭിക്ഷക്കാരൻ ലാസറിനെ അവന്റെ വിരലുകളിൽ അല്പം വെള്ളവുമായി, എന്റെ നാവിൽ വെയ്ക്കാൻ ഇവിടെ അയയ്ക്കു. ഈ ജ്വാലയിൽ കിടന്നു വേദന അനുഭവിക്കുന്നു."

81 അവൻ പറഞ്ഞു...അബ്രാഹാം പറഞ്ഞു, "ഇത്, എനിക്ക് അത് ചെയ്യാൻ കഴിയില്ല," അങ്ങനെയുള്ള വളരെയധികം വാക്കുകൾ ആയിരുന്നു. "ഇതിനെല്ലാം പുറമെ, നീ നോക്ക്, നിന്റെ ജീവിതത്തിൽ നിനക്ക് അവസരമുണ്ടായിരുന്നു."

82 എപ്പോഴാണ് അവന് അത് ഉണ്ടായിരുന്നത്? യേശു പറഞ്ഞപ്പോൾ "എന്നെ അനുഗമിക്ക." പക്ഷേ അവൻ അത് നിരസിച്ചു കളഞ്ഞു അവനു പണം സമ്പാദിക്കാനുള്ള വഴിയിലൂടെ അവൻ പോയി. അത് ശരിയാണ്, പണം സമ്പാദിക്കുന്നതിൽ തെറ്റില്ല, പക്ഷേ നിങ്ങൾ അത് ചെയ്യുമ്പോൾ യേശുവിനെ അനുഗമിക്കുക. കണ്ടോ? അവൻ ജനക്കൂട്ടത്തോടൊപ്പം, മറ്റൊരു വഴിയിലേക്ക് പോയി.

83 അബ്രാഹാം പറഞ്ഞത്, അവൻ പറഞ്ഞത്, നിങ്ങൾ കാണുന്നു, “ഇതിനെല്ലാം പുറമെ, നിനക്കും അവനും തമ്മിൽ ഒരു പിളർപ്പുണ്ട്, ആരും അതിലൂടെ കടന്നുപോയിട്ടില്ല, ഒരിക്കലും പോകുകയുമില്ല. അവിടെയുള്ളവർക്ക് ഇവിടെ വരാൻ കഴിയില്ല, ഇവിടെയുള്ളവർക്ക് അവിടെ വരുവാനും കഴിയില്ല. ഇത് നിശ്ചയിച്ചിരിക്കുന്നു. ഒരു മനുഷ്യനും കടന്നിട്ടില്ല അതുമല്ല കടക്കുകയുമില്ല.”

84 എന്നിട്ട് അവനെ ശ്രദ്ധിക്കൂ. അന്ന് അവൻ ഒരു സുവിശേഷകനാകാൻ ആഗ്രഹിച്ചിരുന്നു. യേശു നൽകിയ ആ വിളിയാൽ—അവനെ അനുഗമിച്ചിരുന്നു എങ്കിൽ, ഉണ്ടാകുമായിരുന്നു, ഒരു പ്രാണനെ ജയിക്കുന്ന, ഒരു ചെറുപ്പക്കാരനായി, അവനിലേക്ക് തിരികെ വരുമായിരുന്നു. പിന്നിലായി ഭൂമിയിൽ, അവനു അഞ്ച് സഹോദരന്മാർ ഉണ്ടെന്നും, അവരെ ആ സ്ഥലത്ത് അവൻ ആഗ്രഹിച്ചില്ല, എന്നും അവൻ ഓർത്തു.

85 അവൻ പറഞ്ഞു, “എങ്കിൽ, ഈ വഴി വരരുതെന്ന് എന്റെ സഹോദരന്മാരോട് പറയാൻ, ലാസറിനെ തിരികെ അയയ്ക്കണം.” മറ്റു വാക്കുകളിൽ, “‘എന്നെ അനുഗമിക്ക,’ എന്ന വിളി സ്വീകരിക്കണം,” കണ്ടോ?

എന്നാൽ അവൻ പറഞ്ഞു, “അവർ, അവർ അത് വിശ്വസിക്കുകയില്ല.”

86 അവൻ പറഞ്ഞു, “അതെ, ലാസറിനെപ്പോലെ, ഒരാൾ മരിച്ചവരിൽ നിന്ന് എഴുന്നേറ്റ്, തിരികെ ചെന്ന് അവരോട് പറഞ്ഞാൽ.”

87 നിങ്ങൾ നോക്കൂ, നമ്മൾ മരിച്ചതിനു ശേഷവും, നിങ്ങൾ അപ്പോഴും ബോധവാന്മാരാണെന്ന്, ഇത് കാണിക്കുന്നു. അവൻ ഓർത്തു. അബ്രഹാം പറഞ്ഞു, “മകനേ, നിന്റെ ആയുസ്സ്, ഓർത്തു നോക്കൂ.” കണ്ടോ? നിങ്ങൾ അപ്പോഴും ഓർക്കുന്നു. നിങ്ങളുടെ ഓർമ്മ നിങ്ങൾക്ക് നഷ്ടപ്പെടുന്നില്ല. നിങ്ങൾ ഓർക്കുന്നു.

88 മനുഷ്യന് ഉണ്ടായിരിക്കാവുന്ന ഓർമ്മകൾ, അപ്പോഴും അതേ സ്ഥലത്ത് തന്നെ ആയിരുന്നിട്ട്, യേശു പറയുന്നത് കേട്ടപ്പോൾ അവനു ലഭിച്ച അവസരത്തെ ഓർത്തു, “എന്നെ അനുഗമിക്ക.” പക്ഷേ തെറ്റായ വ്യക്തിയെയോ, തെറ്റായ ജനക്കൂട്ടത്തെയോ അവൻ അനുഗമിച്ചിരുന്നു. അവൻ തെറ്റായ ജനക്കൂട്ടത്തിൽ കയറി, തെറ്റായ സ്ഥലത്തേക്കു പോയി, തെറ്റായ നിത്യതയിൽ അവസാനിക്കുന്നു; ആ ദിവസം എന്നെന്നേക്കുമായി, ദൈവത്താൽ നശിപ്പിക്കപ്പെടും.

89 ശ്രദ്ധേയമായ ഒരു വചനവും യേശു പറഞ്ഞു, "'മരിച്ചവരിൽ നിന്ന് ഒരുവൻ എഴുന്നേറ്റ് തിരികെപ്പോയാലും, അപ്പോഴും അവരെ അനുനയിപ്പിക്കുകയില്ല. കാരണം, അവർക്ക് മോശയുടെ ന്യായപ്രമാണം ലഭിച്ചിരുന്നിട്ടും, അവർ അത് കേൾക്കുന്നില്ലെങ്കിൽ, മരിച്ചവരിൽ നിന്ന് ഒരുവൻ എഴുന്നേറ്റാലും അവർ കേൾക്കുകയില്ല. അവരെ അനുനയിപ്പിക്കാൻ കഴിയില്ല.'"

90 എന്താ? എന്തുകൊണ്ട്? ന്യായപ്രമാണം അങ്ങനെയുള്ള എന്തെങ്കിലുമാണോ പറഞ്ഞിരിക്കുന്നത്? അതെ. "മറ്റുള്ളവർ നിങ്ങളോട് ചെയ്യാൻ ആഗ്രഹിക്കുന്നതുപോലെ നിങ്ങൾ അവരോട് ചെയ്യുക." അവൻ ന്യായപ്രമാണത്തിന്റെ കീഴിൽ ജീവിച്ചിരുന്നു. പക്ഷേ അവൻ ആ ദരിദ്രനെ പടിപ്പുരയിൽ മരിക്കാൻ അനുവദിച്ചു. കണ്ടോ? അവൻ—അവൻ ദൈവത്തിന്റെ കല്പനകൾക്ക് കീഴിൽ ജീവിച്ചിരുന്നു, എന്നിട്ടും ആ മഹത്തായ നിത്യജീവനെ കാണുന്നതിൽ പരാജയപ്പെട്ടിരുന്നു.

91 കുട്ടികളേ, നിങ്ങൾ, ഓരോരുത്തരും, എന്റേതുപോലെ തോന്നുന്നു. നിങ്ങൾ, ഓരോരുത്തരും, എന്റെ പുത്രന്മാരെയും പുത്രികളെയും പോലെ തോന്നുന്നു. ഒരു വിധത്തിൽ, നിങ്ങൾ ആകുന്നു, നോക്കു, ആത്മീയമായി സംസാരിക്കുകയാണ്. അത് ശരിയാണ്. ദൈവമായ കർത്താവ്—നിങ്ങളുടെ പ്രാണനുകളെ എന്റെ പരിപാലനത്തിൽ ഏല്പിച്ചിരിക്കുന്നു; എന്തെന്നാൽ നിങ്ങൾ വന്നു, എന്നെ കേൾക്കുന്നു. നിങ്ങൾ എന്നെ വിശ്വസിക്കുന്നു. കണ്ടോ? വചനത്തിന്റെ ഒരു അർത്ഥത്തിൽ, നിങ്ങൾ എന്റെ പുത്രന്മാരും പുത്രികളുമാണ്. അത് ശരിയാണ്.

92 എപ്പോഴും ഓർത്തിരിക്കു, ദൈവ കല്പനകൾ പാലിക്കുക എന്നത് ഒരു മഹത്തായ കാര്യമാണ്. ഒരു നല്ല വീട്ടിൽ വളർത്തപ്പെടുക എന്നത് ദൈവത്തിൽ നിന്നുള്ള ഒരു പൈതൃകമാണ്. നിങ്ങൾക്കുള്ളതു പോലെ വ്യക്തിത്വങ്ങളുള്ള നല്ല കുട്ടികളാകുക, നല്ലതു തന്നെ. ഒരു വിദ്യാഭ്യാസം നേടുക എന്നത്, അതിശയകരമാണ്. ഈ സ്വതന്ത്ര ദേശത്ത് ജീവിക്കുന്നതു പോലും അതിശയകരമാണ്. നന്ദി പറയാൻ നമുക്ക് നിരവധി കാര്യങ്ങളുണ്ട്.

93 എന്നാൽ നിങ്ങൾക്ക് പാരമ്പര്യമായി ലഭിക്കാത്ത ഒരു കാര്യമുണ്ട്. നിങ്ങൾ ഇത് സ്വീകരിക്കേണ്ടതുണ്ട്. അതു നിത്യജീവനാണ്. യേശുവിനെ അനുഗമിച്ചുകൊണ്ട്, വീണ്ടും-ജനിക്കുന്ന അനുഭവത്താൽ മാത്രമേ നിങ്ങൾക്ക് അതിനു കഴിയൂ. അതിനെ അവഗണിക്കരുത്.

94 ഒരു മനുഷ്യനെക്കുറിച്ച്, ഒരു തവണ ഞാൻ കേട്ട ചെറിയ കഥയാണ്, ഓ, അവൻ ദരിദ്രനായിരുന്നു. അവൻ—അവൻ എപ്പോഴും

ആഗ്രഹിച്ചിട്ട്...ഇപ്രകാരം, ഇത് ഒരു ചെറിയ യക്ഷിക്കഥയാണ്. എങ്കിലും, അത് എല്ലായ്പ്പോഴും എന്റെ ഓർമ്മയിൽ ഇരിക്കുന്നു. ഒരു ദിവസം അവൻ ഒരു പൂവ് എടുത്തു. ആ പൂവ് മാന്ത്രികമായിരുന്നു, പൂവ് അവനോടു ചോദിച്ചിട്ട്, പറഞ്ഞു, "നിന്റെ ജീവിതകാലം മുഴുവൻ നീ ദരിദ്രനായിരുന്നു." അവൻ പറഞ്ഞു, "ഇപ്പോൾ നീ ആഗ്രഹിക്കുന്നത് എന്തു ചോദിച്ചാലും, അതു നിനക്കു നൽകുന്നതാണ്."

95 അവൻ പറഞ്ഞു, "ആ ദൂരത്തുള്ള പർവ്വതത്തെ തുറന്നു തന്നാൽ, ഞാൻ അവിടേക്ക് പോയി ആ പർവ്വതത്തിലുള്ള സ്വർണ്ണത്തെ കണ്ടെടുക്കും."

96 "ശരി," അവൻ പറഞ്ഞു, "നീ പോകുന്നിടത്തെല്ലാം നീ എന്നെയും കൂടെ കൊണ്ടു പോകണം. കണ്ടോ? നീ നിന്നോടു കൂടെ എന്നെ കൊണ്ടു പോകണം. അതിനാൽ, ഞാൻ എവിടെ ആയിരുന്നാലും, അവിടെ വെച്ച് നിനക്ക് വേണ്ടത് എന്തും ചോദിക്കാൻ കഴിയും."

97 അവൻ ആ പർവ്വതത്തിലേക്ക് നടന്നു, പർവ്വതം തുറന്നു വന്നു, അവൻ അകത്തേക്ക് പോയി. ചെറിയ യക്ഷി കഥ പറയുന്നതു പോലെ, അലമാരകളിൽ നിറയെ സ്വർണ്ണവും വജ്രവും ആയിരുന്നു. അവൻ ആ പൂവിനെ ഒരു—ഒരു മേശപ്പുറത്ത്, അല്ലെങ്കിൽ, ഒരു പാറയിലോ വെച്ചു. അവൻ ഓടിച്ചെന്ന് ഒരു വലിയ രത്നത്തെ പിടിച്ചിട്ട്, അവൻ പറഞ്ഞു, "ഞാൻ ഇത് എന്റെ ചങ്ങാതിമാരെ കാണിക്കാൻ പോകേണ്ടതുണ്ട്. ഞാൻ ഇപ്പോൾ ഒരു ധനികനായ മനുഷ്യനാണ്. എനിക്ക് ഇപ്പോൾ എല്ലാം ഉണ്ട്. ഞാൻ ഇത് തികച്ചും കാണിച്ചിരിക്കണം."

98 അങ്ങനെ ആ പൂവ് പറഞ്ഞു, "പക്ഷേ," പറഞ്ഞു, "നീ ആ പ്രധാനപ്പെട്ട കാര്യം മറന്നു."

99 അതിനാൽ അവൻ ഓടി തിരികെ പോയിട്ട്, പറഞ്ഞു "അതെ, ഒരുപക്ഷേ ഞാൻ—എനിക്ക് ഒരു കഷണം സ്വർണ്ണം എടുക്കണമായിരിക്കും. എനിക്ക് ഒരു കഷണം വെള്ളി എടുക്കണം." അങ്ങനെ അവൻ പറഞ്ഞു, "ഞാൻ—ഞാൻ എത്ര ധനികനാണെന്നും, എനിക്ക് എന്തു ലഭിച്ചെന്നും, ആളുകളോട് പറയാൻ ഞാൻ ധൃതി കൂട്ടണം."

100 അവൻ വാതിലിലേക്ക് ചെന്നു, അപ്പോൾ ആ പൂവ് പറഞ്ഞു, "എന്നാൽ നീ ആ പ്രധാനപ്പെട്ട കാര്യം മറന്നു."

101 അതിനാൽ അവൻ വീണ്ടും തിരികെ ഓടിച്ചെന്നു. അവൻ പറഞ്ഞു, "ഇവിടെ ഞങ്ങൾ എല്ലാത്തരം വസ്തു വകകളും കണ്ടെത്തിയിരിക്കുന്നു." അതിനാൽ, അവൻ ഒരു കല്ല് എടുത്തു. അവൻ പറഞ്ഞു, "ഞാൻ

പോയി, ഈ കല്ലെടുത്ത് ഈ പർവ്വതം ഏത് തരത്തിലുള്ള കല്ലാനിലാണ് ഉളവായിരിക്കുന്നതെന്ന് ആളുകളെ കാണിക്കും, അതിനാൽ അതിലേക്ക് തിരികെ പോകാനുള്ള എന്റെ വഴി കണ്ടെത്താനാകും.” കണ്ടോ?

102 അവൻ വാതിലിലേക്ക് നടക്കാൻ തുടങ്ങി, അപ്പോൾ ആ പൂവ് പറഞ്ഞു...അതിന്റെ അവസാന സമയത്ത്, “നീ ആ പ്രധാനപ്പെട്ട കാര്യം മറന്നുപോയി.”

“ഓ,” അവൻ പറഞ്ഞു, “ഓ, വായ് അടക്കു.”

103 നോക്കു, അവനു ഇനിയും ഇത് കേൾക്കാൻ താല്പര്യമില്ലാതായി, “പ്രധാന കാര്യം മറന്നുപോയി,” അവൻ വാതിലിലേക്ക് ഓടി. അവൻ അങ്ങനെ ഓടിയപ്പോൾ, ആ പൂവ് അകത്തായിട്ട്, വാതിൽ അവന്റെ പുറകിൽ അടഞ്ഞു. ആ പ്രധാന കാര്യം പൂവ് ആയിരുന്നു. കണ്ടോ? പ്രധാന കാര്യം ആ പൂവ് ആയിരുന്നു.

104 വർഷങ്ങൾക്കു മുമ്പ്, നിങ്ങളെ എല്ലാവരെയും പോലെ, ഒരു കുട്ടി ആയിരുന്നപ്പോൾ, ഇവിടെ, ഫീനിക്സിനു മുകളിൽ, ഇവിടെ മുകളിലുള്ള കന്നുകാലി മേച്ചിൽ പുറത്ത് ഇരുന്നിരുന്നു. അന്വേഷിക്കുന്നതിനെക്കുറിച്ചുള്ള, ഒരു തുണ്ട് ഞാൻ വായിച്ചിരുന്നു, ധാതുദ്രവ്യ ഖനന സാദ്ധ്യത അന്വേഷിക്കുന്ന ആളെപ്പറ്റി ഒരു പേപ്പറിൽ വായിച്ചിരുന്നു. പിന്നെ, അന്ന് ഇവിടെ റോഡുകൾ ഒന്നും തന്നെ ഉണ്ടായിരുന്നില്ല, ചെറിയ മണൽ പാതകൾ മാത്രം. ഇപ്പോഴും ഇവിടെ ധാരാളം ധാതുദ്രവ്യ ഖനന സാദ്ധ്യത അന്വേഷിക്കുന്നവർ ഉണ്ടെന്നു, നിങ്ങൾക്കറിയാം.

105 എന്നാൽ ഈ ധാതുദ്രവ്യ ഖനന സാദ്ധ്യത അന്വേഷിക്കുന്നയാൾ വന്ന്, അയാൾ ധാരാളം പണം കണ്ടെത്തി, ധാരാളം സ്വർണ്ണം കണ്ടെത്തി. അദ്ദേഹം തന്റെ തിരികെയുള്ള വഴിയിൽ, അയാൾക്ക് കണ്ടെത്താൻ സാധിച്ച ഒരു ചെറിയ മുറിയിൽ അദ്ദേഹം താമസിച്ചു. അയാളോടൊപ്പം ഒരു നായയും ഉണ്ടായിരുന്നു, പിന്നെ, ആ—ആ നായയെ, പുറത്ത് കെട്ടിയിരുന്നു. പിന്നെ ആ രാത്രിയിൽ, ഈ സ്വർണ്ണത്തെ കൈക്കലാക്കാൻ, ഒരു കവർച്ചക്കാരൻ അവനെ അനുഗമിച്ചിരുന്നു. അയാൾ അത് പഴയ സ്പാനിഷ് ഖനികളിൽ നിന്നും എടുത്തത് ആയിരുന്നു, അയാൾ അതുമായി വരികയായിരുന്നു. പിന്നെ ആ നായ കുരയ്ക്കാൻ തുടങ്ങി.

106 ആ നായ് മൂലം ശല്യമാകാൻ ആ മനുഷ്യൻ ആഗ്രഹിച്ചില്ല. അവൻ പറഞ്ഞു, “മിണ്ടാതിരിക്കു.” അവൻ പറഞ്ഞു, “നാളെ, ഞാൻ ഇത് എടുത്തിട്ട്, ഇതുമായി—പട്ടണത്തിലേക്ക് പോകും.” ഞാൻ...

ആ കഥയുടെ ഗുണപാഠം ഇതാണ്. "ഞാൻ അത് തൂക്കിനോക്കും, ഞാൻ ഒരു ധനികനായി തീരും. ഞാൻ മുന്തിയ കാറുകൾ വാങ്ങും. എനിക്ക് എല്ലാത്തരം സ്ത്രീകളും വലിയ പാർട്ടികളും കാണും. ഞാൻ ഒരു ധനികനായി തീരും, എന്തുകൊണ്ടെന്നാൽ ഞാൻ ഇതിനകം അവകാശവാദം ഉന്നയിച്ചിട്ടുണ്ട്. എനിക്ക് ഇവിടെയുള്ള സ്വർണ്ണത്തിലെ, അതിന്റെ ഭൂരിഭാഗവും കിട്ടിയിരിക്കുന്നു." അയാൾ പറഞ്ഞു, "ഞാൻ..."

107 അയാൾ ഉറങ്ങാൻ ശ്രമിക്കുന്നതിനിടയിൽ, നായ തുടർച്ചയായി കുരച്ചുകൊണ്ടിരുന്നു, എന്തുകൊണ്ടെന്നാൽ ആ നായ കവർച്ചക്കാരൻ വന്ന്, ഉള്ളിലേക്ക് കടന്ന്, ഈ ധാതുദ്രവ്യ ഖനന സാദ്ധ്യത അന്വേഷിക്കുന്നവൻ ഉറങ്ങുന്നതിന് കാത്തിരിക്കുന്നത് കണ്ടിരുന്നു.

108 അയാൾ വീണ്ടും എഴുന്നേറ്റ്, നായയോട് വീണ്ടും ആക്രോശിച്ചിട്ട്, പറഞ്ഞു, "മിണ്ടാതിരിക്ക്." പാവം നായ നന്നേ കരഞ്ഞുകൊണ്ട് അവന്റെ യജമാനന് ആ അപകടത്തിന്റെ പതിയിരിപ്പ്—പതിയിരിപ്പിന്റെ മുന്നറിയിപ്പ് നൽകാൻ ശ്രമിച്ചിരുന്നു. എപ്പോൾ അവൻ...

109 അടുത്ത തവണ, നായ കുരയ്ക്കാൻ തുടങ്ങിയപ്പോൾ, ധാതുദ്രവ്യ ഖനന സാദ്ധ്യത അന്വേഷിക്കുന്നവന് ഒരു ചെറിയ തോക്കുണ്ടായിരുന്നു. അയാൾക്ക് ശല്യമുണ്ടാകാൻ ആഗ്രഹിച്ചില്ല, അതിനാൽ അയാൾ എഴുന്നേറ്റ് വന്ന് ആ നായയെ വെടിവച്ചു. കവർച്ചക്കാരനാൽ, ധാതുദ്രവ്യ ഖനന സാദ്ധ്യത അന്വേഷിക്കുന്നയാൾ ആ രാത്രിയിൽ കൊല്ലപ്പെട്ടു. അയാളുടെ സങ്കൽപിക സ്വപ്നങ്ങൾ ഒന്നും തന്നെ അയാൾക്ക് ഒരു ഗുണവും ചെയ്തില്ല. എന്തുകൊണ്ട്? അയാൾക്ക് മുന്നറിയിപ്പ് നൽകുന്ന ആ ശബ്ദത്തെ അയാൾ നിശ്ചലമാക്കിയിരുന്നു.

110 അവിടെ ആർക്കും തന്നെ ഒന്നും ശ്രമിച്ചു നോക്കാൻ കഴിയില്ല, കുട്ടികളേ, ഒരിക്കലും തെറ്റായിട്ട് ഒന്നും ചെയ്യാൻ കഴിയില്ല, നിങ്ങൾ ആകുന്ന വിധത്തിൽ നിങ്ങളെ വളർത്തിയതിന് ശേഷം, അത് ചെയ്യരുത് എന്നു നിങ്ങളോട് എന്തെങ്കിലും പറയുന്നതായി നിങ്ങൾക്ക് തോന്നുന്നതു വരെ. ഇപ്പോൾ, നിങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്ന ആ ശബ്ദത്തെ ഒരിക്കലും നിശ്ചലമാക്കരുത്.

111 എല്ലായ്പ്പോഴും ഓർത്തിരിക്കു, "എന്നെ അനുഗമിക്ക," എന്നു പറഞ്ഞ ആ ശബ്ദത്തെ സ്വീകരിക്കു, നിങ്ങൾ എല്ലായ്പ്പോഴും ശരിയായി പുറത്തുവരും. നിങ്ങൾ വിശ്വസിക്കുമെന്ന് ഞാൻ കരുതുന്നു. എനിക്ക് നിങ്ങളിൽ ആത്മവിശ്വാസമുണ്ട്. എന്നാൽ അത് എല്ലായ്പ്പോഴും

യേശുവിന്റെ, ആ ശബ്ദത്തെ ഓർത്തിരിക്കു, ഇന്നും രാത്രിയിലും ഭൂമിയിൽ സജീവമായിരിക്കുന്നു.

112 ഓരോ ശബ്ദവും നാം സംസാരിച്ച ഓരോ വാക്കും ഇപ്പോഴും, മാറ്റമില്ലാതെ സജീവമായിരിക്കുന്നതു പോലെ തന്നെ, ആ ശബ്ദം വായുവിലെ ശൂന്യതയുടെ തരംഗത്തിലേക്ക് പുറപ്പെട്ടുമ്പോൾ. ആ... നോക്കു, അതിനെ പുറത്ത് അയയ്ക്കാനായി നിങ്ങളിൽ ഇവിടെ ഒരു സംപ്രക്ഷണ സാമഗ്രിയുണ്ട്. അതിനെ പുറത്ത് അയയ്ക്കുന്ന സംപ്രക്ഷണ സാമഗ്രി നിങ്ങളാണ്. ഇപ്പോൾ അതിനെ പിടിച്ചെടുക്കാൻ സ്റ്റേഷൻ എടുക്കുന്നു.

113 ദൈവ വചനത്തിന്റെ പ്രക്ഷേപകൻ യേശുവായിരുന്നു, കാരണം അവൻ—ഒരു മനുഷ്യനായി പ്രത്യക്ഷപ്പെട്ട ദൈവത്തിന്റെ ത്രിത്വം ആയിരുന്നു. അവൻ പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനും ആയിരുന്നു.

114 ദൈവത്തിന്റെ ത്രിത്വം, ദൈവത്തിന്റെ ഗുണവിശേഷങ്ങളുടെ ത്രിത്വം, പിതാവും, പുത്രനും, പരിശുദ്ധാത്മാവുമായി, യേശു ക്രിസ്തു, എന്ന ആ ഒരു മനുഷ്യനിൽ പ്രതിനിധാനം ചെയ്യുന്നു. അതിനാൽ, അവിടെ, അവൻ വചനം ആയിരുന്നു.

115 ആ പ്രക്ഷേപകനായി അവൻ അതു പറഞ്ഞു, "എന്റെ വചനങ്ങളെ കേട്ട്, എന്നെ അയച്ചവനിൽ വിശ്വസിക്കുന്നവനു, നിത്യജീവൻ ഉണ്ട്." കണ്ടോ? "ആമേൻ ഞാൻ നിങ്ങളോടു പറയുന്നു, എന്റെ വചനങ്ങൾ കേട്ട്, എന്നെ അയച്ചവനിൽ വിശ്വസിക്കുന്നവന്, നിത്യജീവൻ ഉണ്ടു." ഇപ്പോൾ, ആ വചനം ഒരു പ്രക്ഷേപകനിൽ നിന്ന് പുറപ്പെട്ടു പോയിരുന്നു. അവൻ പറഞ്ഞു, ഒരു ദിവസം, "ആമേൻ ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങൾ ഈ മലയോട് പറഞ്ഞാൽ, 'നീങ്ങിപ്പോക,' നിങ്ങളുടെ ഹൃദയത്തിൽ സംശയിക്കാതെ, നിങ്ങൾ പറഞ്ഞതു സംഭവിക്കും എന്നു വിശ്വസിച്ചാൽ, നിങ്ങൾ പറഞ്ഞത് നിങ്ങൾക്ക് ഉണ്ടാകും."

116 ഇപ്പോൾ, വിശ്വാസത്താൽ, നിങ്ങളുടെ ഉള്ളിലെ ചില നിയന്ത്രണത്തിലൂടെ, അത് എടുക്കുന്നതിനുള്ള സ്റ്റേഷൻ നിങ്ങളിൽ ഉണ്ടെങ്കിൽ, അത് നേരെ നിങ്ങളെ ദൈവത്തിന്റെ ചക്രത്തിലേക്ക്, പുതു ജനനത്തിലേക്ക്, വീണ്ടും ജനിക്കുന്നതിലേക്ക് കൊണ്ടു പോകും. അപകടം വരാൻ തുടങ്ങുമ്പോൾ ആ മുന്നറിയിപ്പ് നൽകുന്ന ശബ്ദം നിങ്ങൾക്ക് കേൾക്കാൻ കഴിഞ്ഞ്, പിന്നെ നിങ്ങൾ എല്ലായ്പ്പോഴും ബന്ധപ്പെടും. കാര്യങ്ങൾ തെറ്റായിരിക്കുമ്പോൾ, തെറ്റായി പോകുമ്പോൾ, അത് എല്ലായ്പ്പോഴും നിങ്ങൾക്ക് ഒരു മുന്നറിയിപ്പായിരിക്കും. പിന്നെ, നമ്മൾ സംസാരിച്ചു കൊണ്ടിരിക്കുന്ന ആ ധനികനായ ബാലനെപ്പോലെ ആയിരിക്കുന്നതിനു

പകരം; അപ്പോസ്തലനായ പത്രൊസിനെപ്പോലെയോ, പൌലൊസിനെപ്പോലെയോ, അതല്ല യേശു ക്രിസ്തുവിനായി പ്രാണനുകളെ നേടിയ ഒരു മനുഷ്യനായി തീരും. കുട്ടികളേ, നിങ്ങൾ അത് ചെയ്യൂ.

നമുക്ക് പ്രാർത്ഥിക്കാമോ?

117 കർത്താവായ യേശുവെ! യുവത്വം, ഒരു നാളെ ഉണ്ടെങ്കിൽ, നാളത്തെ പുരുഷന്മാരും സ്ത്രീകളും. കർത്താവേ, ഞങ്ങൾക്ക് അവരെ പരിശീലിപ്പിക്കേണ്ടതുണ്ട്. ഒരു നാളെ ഉണ്ടാകും എന്നപോലെ അവരെ പരിശീലിപ്പിക്കാൻ ഞങ്ങളിൽ ആ ഭാരം തോന്നുന്നു. ഇല്ലെങ്കിൽ, പിന്നെ ആ ദിവസം ഇന്നു തന്നെ.

118 പിന്നെ, പിതാവേ, നിന്റെ സന്നിധിയിൽ ആരും സ്വീകരിക്കപ്പെടുന്നില്ലെന്ന് ഞങ്ങൾക്കറിയാം. ഒരു ജഡത്തിനും പുകഴ്ച എടുക്കാൻ കഴിയില്ല. വിദ്യാഭ്യാസം അല്ല, ഒരുപക്ഷേ ഇവയെല്ലാം മികച്ചതു തന്നെ എങ്കിലും, നല്ല പ്രവൃത്തികളാൽ അല്ല, ഒരു മത സ്ഥാപനത്തിനോ, മനഃശാസ്ത്രത്തിനോ, പരിശുദ്ധാത്മാവിന് അല്ലാതെ മറ്റൊന്നിനും ദൈവത്തെ സ്ഥിരീകരിക്കാൻ കഴിയില്ല. നിത്യ ജീവന്റെ രൂപത്തിൽ, സ്വയം ദൈവത്തിനു, ഒരു വ്യക്തിയെന്ന നിലയിൽ നമ്മിലേക്ക് വരാൻ കഴിയുന്ന, ഉപകരണം അവനാണ്. ഇതിനായി ഞങ്ങൾ നന്ദിയുള്ളവരാണ്.

119 പത്രൊസ് ആ ഏറ്റുപറച്ചിൽ നടത്തിയപ്പോൾ തീർച്ചയായും സ്പഷ്ടമാക്കിയിരുന്നു. യേശു അവനോടു പറഞ്ഞു, “ജഡരക്തങ്ങൾ അല്ല ഇത് നിനക്ക് വെളിപ്പെടുത്തിയത്. നീ ഇത് ഒരിക്കലും ഒരു സെമിനാരിയിൽ നിന്ന് പഠിച്ചിട്ടില്ല. നീ ഇത് ചില സ്കൂളിൽ നിന്നും പഠിച്ചിട്ടില്ല.” ഇത് ഒരു വ്യക്തിപരമായ കാര്യമാണ്, ഓരോ വ്യക്തിക്കും വ്യക്തിപരമായി ലഭിക്കേണ്ട ഒന്ന്. നീ പറഞ്ഞു, “ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും, പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല.” കർത്താവേ, അതിനായി ഞങ്ങൾ നന്ദിയുള്ളവരാണ്.

120 ആ ശബ്ദം ഈ രാത്രിയും സജീവമാണ്. വിശ്വാസത്താൽ, ഇത് സ്വീകരിക്കുന്ന, പുറമെയുള്ള പോസ്റ്റുകൾ, കേൾക്കുന്ന പോസ്റ്റുകൾ, സ്വീകരിക്കുന്ന സ്റ്റേഷനുകൾ, അവിടെ ഇപ്പോഴും പോസ്റ്റുകളുണ്ട്. കർത്താവേ, അവരുടെ ഹൃദയങ്ങളിൽ, അത് ഈ ഓരോ മക്കളും സ്വീകരിക്കട്ടെ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു. അതു ഓർത്തിരിക്കട്ടെ, അത് നല്ലതായിരിക്കാൻ അവർ ചെയ്യുന്ന കാര്യങ്ങളല്ല, മറിച്ച് അവർ...നാം ചെയ്യുന്ന കാര്യങ്ങളാലല്ല, മറിച്ച് നാം സ്വീകരിച്ചതിലൂടെയാണ് ദൈവം നമ്മെ ന്യായം വിധിക്കുന്നത്. നമ്മുടെ പ്രവൃത്തികളാൽ അല്ല, നമ്മുടെ വിശ്വാസത്താലാണ്

നാം രക്ഷിക്കപ്പെട്ടിരിക്കുന്നത്. അതിനാൽ, സ്വർഗ്ഗീയ പിതാവേ, അവർ ഇപ്പോൾ ദർശനം പിടിച്ചെടുക്കാൻ ഇടയാകട്ടെ എന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു, ആ മഹത്തായ നിത്യ ക്ഷണം കാണുകയും കേൾക്കുകയും ചെയ്യട്ടെ, "വന്ന്, എന്നെ അനുഗമിക്ക."

121 അവർ ഓരോത്തരും, കർത്താവെ, ഈ ജഡികമായ, ലോക ജീവിതം, ലോകത്തിന്റെ സകല കാര്യങ്ങളും വശത്തേക്കിടാൻ ഇടയാകട്ടെ. ഈ രാത്രി അവർ ഇവിടെ ആയിരുന്ന്, അവരുടെ സ്വർണ്ണ നിറത്തിലുള്ള ശോഭയുള്ള മുടിയും, അവരിൽ ചിലരുടെ മുടി കറുത്തും, ഇരുണ്ട കണ്ണുകൾ, നീലക്കണ്ണുകൾ, അവരുടെ എക്കാലത്തെയും മികച്ച രീതിയിൽ ഇവിടെ ഇരിക്കുന്നു.

122 മഹാനായ എഴുത്തുകാരൻ പറഞ്ഞതു പോലെ, "നിന്റെ യൌവന കാലത്തു നിന്റെ സൃഷ്ടാവിനെ ഓർത്തു കൊൾക, ദുർദ്ദിവസങ്ങൾ അടുത്തു വരികയില്ല. അപ്പോൾ അവയിൽ നിനക്ക് ആനന്ദമുണ്ടാകയില്ല." എങ്ങനെ കർത്താവായ യേശുവേ, നീ പത്രൊസിനോടു പറഞ്ഞു "നീ യൌവ്വനക്കാരൻ ആയിരുന്നപ്പോൾ, നീ തന്നെ അര കെട്ടി ഇഷ്ടമുള്ളേടത്തു നടന്നു. എന്നാൽ വയസ്സായ ശേഷമോ, നിനക്ക് ഇഷ്ടമില്ലാത്ത ഇടത്തേക്ക് മറ്റൊരുത്തൻ നിന്നെ കൊണ്ടുപോകും." അവർ ഓർക്കാൻ ഇടയാകട്ടെ, "ഇപ്പോഴാണ് ആ ദിവസം. ഇതാണ് ആ സമയം." പിതാവേ, ഇത് അനുവദിച്ചാലും.

123 ഇവർക്ക് ഓരോരുത്തർക്കും വേണ്ടിയും, എന്റെ സ്വന്തം കുട്ടിക്കും, ഈ രാത്രി ഇവിടെ, ഇവിടെയുള്ള എല്ലാ കുട്ടികൾക്കും വേണ്ടി ഞാൻ അവകാശപ്പെടുന്നു. അവരെ പരിപാലിക്കുന്നതിനു, നീ എന്റെ കൈകളിൽ വച്ചിട്ടുണ്ടെന്ന് എനിക്ക് അനുഭവപ്പെടുന്നു. സാത്താൻ തുടങ്ങി മരണം വരെ, യേശു ക്രിസ്തുവിലുള്ള ജീവനിലേക്ക്, ഞാൻ അവരെ എല്ലാവരെയും അവകാശപ്പെടുന്നു. ആമേൻ.

124 കുട്ടികളേ, നിങ്ങളെ അനുഗ്രഹിക്കുന്നു. നിങ്ങളോട് കുറച്ച് വാക്കുകൾ പറയാനായതിൽ വളരെ സന്തോഷം. ബില്ലി, ഞാൻ തിരികെ വരും. നല്ല കുട്ടികളേ, നിങ്ങളെ അഭിനന്ദിക്കുന്നു. സഹോദരൻ ഫ്രെഡ്, കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ. സഹോദരി, കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ.

***വന്നു, എന്നെ അനുഗമിക്ക*** MAL63-0601

(Come, Follow Me)

ഈ സന്ദേശം ബ്രദർ വില്യം മാരിയൺ ബ്രൺഹാം, ആദ്യം ഇംഗ്ലീഷിൽ പ്രസംഗിച്ചത്, 1963, ജൂൺ 1, ശനിയാഴ്ച വൈകിട്ട്, അമേരിക്കൻ ഐക്യനാട്ടിലെ, അരിസോണയിലുള്ള, ട്യൂസണിലെ ഒരു ഭവന യോഗത്തിൽ വെച്ച്, കാന്ത ശക്തിയുള്ള ടേപ്പിൽ നിന്നും കൃത്യമായി പകർത്താനുള്ള സകല പ്രയത്നവും ചെയ്തിരിക്കുന്നു. ഈ മലയാളം പരിഭാഷ വോയിസ് ഓഫ് ഗോഡ് റിക്കോർഡിംഗ്സിൽ നിന്നും പ്രസിദ്ധീകരിച്ചു വിതരണം ചെയ്യുന്നു.

MALAYALAM

©2021 VGR, ALL RIGHTS RESERVED

Voice Of God Recordings, India Office
19 (New No: 28) Shenoy Road, Nungambakkam
Chennai 600 034, India
044 28274560 • 044 28251791
india@vgroffice.org

Voice Of God Recordings
P.O. Box 950, Jeffersonville, Indiana 47131 U.S.A.
www.branham.org

## Copyright notice

All rights reserved. This book may be printed on a home printer for personal use or to be given out, free of charge, as a tool to spread the Gospel of Jesus Christ. This book cannot be sold, reproduced on a large scale, posted on a website, stored in a retrieval system, translated into other languages, or used for soliciting funds without the express written permission of Voice Of God Recordings®.

For more information or for other available material, please contact:

VOICE OF GOD RECORDINGS
P.O. BOX 950, JEFFERSONVILLE, INDIANA 47131 U.S.A.
www.branham.org